


# ലിറ്റിൽ കൈറ്റ്സ്_2018-'19

## ദാറുൽ ഉലൂം ഹയർ സെക്കണ്ടറി സ്കൂൾ തൂത

# ജാലകം

തൂത. ഡി യു.

എച്ച്.എസ്.എസ്സിൻെറ

പ്രഥമ ഇ-മാഗസിൻ സംരംഭം

# അവതരണം

**ലിറ്റിൽ കൈറ്റ്സ്**

**ഡി.യു.എച്ച്.എസ്.എസ് തൂത**

**ചിന്തകളുടെ**
**അനന്തമായ**
**ആകാശങ്ങളിലേക്ക്**
**പറത്തുന്ന**
**നേരിന്റെ**
**നന്മയുടെ**
**കൊച്ചു കൊച്ചു പട്ടങ്ങൾ....**

# ലിറ്റിൽ കൈറ്റ്സ് സ്കൂൾതല നിർവ്വഹണസമിതി

| | |
|---|---|
| ചെയർമാൻ | :അമീൻ ശീലത്ത്(പി.ടി.എ.പ്രസിഡന്റ്) |
| കൺവീനർ | :യൂസഫ് .എം.പി(ഹെഡ് മാസ്ററർ) |
| വൈസ് ചെയർമാന്മാർ: | :സി.എച്ച്.ഹംസക്കുട്ടി.(പി.ടി.എ.വൈസ് പ്രസിഡന്റ്) |
| ജോയിന്റ് കൺവീനർമാർ | :ഉമ്മർ ഫാറൂഖ്.കെ.കെ.(കൈറ്റ് മാസ്ററർ) |
| | :ജ്യോതിപാർവ്വതി.ആർ.(കൈറ്റ് മിസ്ട്രസ്) |
| സാങ്കേതിക ഉപദേഷ്ടാവ് | :ഉമ്മർ ഫാറൂഖ്.(എസ്ഐ.ടി.സി.) |
| കുട്ടികളുടെ പ്രതിനിധികൾ | :മുഹമ്മദ് മിർസ.കെ.(ലിറ്റിൽ കൈറ്റ്സ് ലീഡർ) |
| | ഫാത്തിമത്ത് ഷാഹിദ.ടി.കെ(ലിറ്റിൽ കൈറ്റ്സ് ഡെപ്യൂട്ടി ലീഡർ) |
| | ഇമാദുദ്ദീൻ ( സ്കൂൾ ലീഡർ) |
| | യാസിൻ സരീൻ അശ്റഫ്.സി.പി. (സ്കൂൾ ഡെപ്യൂട്ടി ലീഡർ) |

# പത്രാധിപ സമിതി

***മുഖ്യ പത്രാധിപർ** : യൂസഫ് .എം.പി(എച്ച്.എം)
മുഹമ്മദ് ബഷീർ .എം(ഡെപ്യൂട്ടി എച്ച്.എം)

***സ്റ്റാഫ് എഡിറ്റർ** :ജ്യോതി പാർവ്വതി.ആർ(കൈറ്റ് മിസ്ട്രസ്)

***സ്റ്റുഡന്റ് എഡിറ്റർ** : ഷാരിഖ്.കെ.പി

*രാധാകൃഷ്ണൻ (സീനിയർ അസിസ്റ്റന്റ്)

*ഉമ്മർ ഫാറൂഖ് (കൈറ്റ് മാസ്റ്റർ)

*സൈദ്.പി.ടി (സ്റ്റാഫ് സെക്രട്ടറി)

*ഉമ്മുക്കുൽസു.കെ (മുൻഎസ്.ഐ.ടി.സി)

*മുഹമ്മദ് മിർസ.കെ (ലിറ്റിൽ കൈറ്റ്ലീഡർ)

*ഫാത്തിമത്ത് ഷാഹിദ.ടി.കെ (ലിറ്റിൽ കൈറ്റ് ഡെ.ലീഡർ)

*ജസീം അബ്ദുൽ മജീദ്.ഇ.പി

*ഫിദ.എം.പി

# ശ്രുവിക്കാം, നമുക്കും മാറ്റത്തിന്റെ മാറ്റൊലി

ബഷീർ ചെർപ്പുളശ്ശേരി
ഡെപ്യൂട്ടി എച്ച്.എം



കാലത്തിന്റെ പരിണതിയിൽ
ലോകം നമ്മോട്
ആവശ്യപ്പെടുന്ന അനിവാര്യതകളിൽ
ഒന്നാണ്...ഇ-മാഗസീൻ...
വിദ്യാർത്ഥികളിലെ
സർഗാത്മക സ്പന്ദനങ്ങളെ
സാങ്കേതിക വിദ്യയുടെ
സഹായത്തോടെ
തൊട്ടറിയുക എന്നതാണ്
ഈ നവസംരംഭത്തിന്റെ
ഉദ്ദേശ്യ ലക്ഷ്യം.
ഡി.യു.എച്ച്. എസ്.എസ്
ളുതയിലെ സർഗ്ഗ പ്രതിഭകളുടെ
പ്രഥമ ഇ-മാഗസീൻ
'**ജാലകം** 'തുറക്കുന്നത്
അറിവിന്റെ അനവദ്യമായ
അവബോധക്കാഴ്ചകളിലേക്കാണ്.
അരങ്ങിലും അണിയറയിലും
പ്രവർത്തിച്ച
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും,
അക്ഷരവിഭവങ്ങൾഒരുക്കിയവർക്കും
അനുമോദനങ്ങൾ .

പ്രതീക്ഷാ പൂർവ്വം...
ബഷീർ ചെർപ്പുളശ്ശേരി ,
ചീഫ് എഡിറ്റർ.



പാഠ്യവിഷയങ്ങൾക്കൊപ്പം,കലാകായിക സർഗശേഷികളെ കൂടി പരിപോഷിപ്പിക്കുക എന്നത് കാലം ആവശ്യപ്പെടുന്ന അനിവാര്യതയാണ്. ഇന്നലകളുടെ ഗരിമയും ഇന്നിന്റെ പൊലിമയും ഒരുപോലെ ഒപ്പിയെടുക്കാൻ കെല്പുള്ള വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വിദ്യാർത്ഥികളിലേക്ക് അറിവിന്റെ ജാലകം തുറക്കാനുള്ള ഈ എളിയ സംരംഭത്തിൽ ഞങ്ങളോട്സഹകരിച്ച, എല്ലാവർക്കും നന്മകളും ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം


ജ്യോതിപാർവ്വതി

സ്റ്റാഫ് എഡിറ്റർ



'ജാലകം'എന്ന മാഗസിൻ ജീവിതത്തിന് മുന്നിൽ നിർത്തിയ കണ്ണാടിയാകട്ടെ എന്ന് ആശംസിക്കുന്നു.


സ്നേഹ പൂർവ്വം
ഷാരിഖ്.
സ്റ്റുഡന്റ്സ് എഡിറ്റർ



## സന്ദേശം

പെരിന്തൽമണ്ണ ഉപജില്ലയിൽ പ്രവർത്തിക്കുന്ന തൂത ഡി.യു.എച്ച്.എസ്.എസ് പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ ഇതിനകം തന്നെ ശ്രദ്ധേയമായ മുന്നേറ്റം നടത്തിയ ഒരു പൊതുവിദ്യാലയമാണെന്നതിൽ അഭിമാനിക്കുന്നു. വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിൻെറ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന 'ജാലകം' ഇ-മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.മാറുന്ന കാലത്തിൻെറ സ്പന്ദനം തൊട്ടറിഞ്ഞ് മുന്നോട്ട് പോവാനുള്ള സന്നദ്ധതക്ക് ശക്തി പകർന്ന വിദ്യാർത്ഥിളെയും അധ്യാപകരേയും അഭിനന്ദിക്കുന്നു.

മഞ്ഞളാം കുഴി അലി
എം.എൽ.എ.പെരിന്തൽമണ്ണ



# സന്ദേശം

തൂത.ഡി.യു.എച്ച്.എസ്.എസ് വിദ്യാർത്ഥികളിലെ സർഗശേഷി വർദ്ധിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന 'ജാലകം' ഇ-മാഗസിന് എല്ലാ ആശംസകളും നേരുന്നു.ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളോടും അധ്യാപകരോടുമുള്ള കൃതജ്ഞത ഈയവസരത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.

സ്നേഹപൂർവം

അഡ്വ:നാലകത്ത് സൂപ്പി

(മാനേജർ)

ഡി.യു.എച്ച്.എസ്.എസ്.തൂത



# സന്ദേശം

കുട്ടികളുടെയും, അദ്ധ്യാപകരുടെയും കഠിനപ്രയത്നത്തിന്റെ ഫലമായി പ്രസിദ്ധീകരിക്കുന്ന ആദ്യ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു. ഈ പ്രവർത്തനം പുതിയ ഡിജിറ്റൽ യുഗത്തിലേക്കുള്ള കാൽവെപ്പായിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ..........

**യൂസഫ്.എം.പി.**
എച്ച്.എം
ഡി.യു.എച്ച്.എസ്.എസ്.തൂത



# സന്ദേശം

വിദ്യാർത്ഥികളിലെ രചനാ വൈഭവത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി  ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന് കീഴിൽ പുറത്തിറക്കുന്ന ഇ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.ഒരു മാലയിൽ കോർത്ത മുത്തുകൾ പോലെ വിദ്യാഭ്യാസവും സർഗ്ഗ വാസനകളും ഒരുമിച്ച് കൊണ്ട് പോവാൻ സാധിക്കട്ടെ എന്നാശംസിക്കുന്നു.കൈമുതലായി ഉണ്ടാവട്ടെ സ്വന്തം കഴിവിലുള്ള വിശ്വാസം.

അമീൻ ശീലത്ത്
**പി.ടി.എ.പ്രസിഡൻറ്**
ഡി.യു.എച്ച്.എസ്.എസ്.ഉൂത



# സന്ദേശം

നമ്മുടെ വിദ്യാലയത്തിൽ നിന്ന് 'ജാലകം' എന്ന പേരിൽ ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയാണല്ലോ. നമ്മുടെ വിദ്യാലയത്തിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മയിൽ പഠന പ്രവർത്തനങ്ങൾക്കുപരി കലാ-കായിക-സാഹിത്യ-മേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങളാണ് ഇതിൽ പ്രതിഫലിക്കുന്നത്. മാത്രമല്ല അറിവ് സമ്പാദനത്തിൽ അനിഷേധ്യമായ വിവര വിനിമയ സാങ്കേതിക വിദ്യ പൂർണ്ണമായും ഉപയോഗിച്ച് കൊണ്ടുള്ള ഈ ഉദ്യമത്തിന് എല്ലാ വിജയവും ആശംസിക്കുന്നു.

എന്ന്

സൈദ് പി.ടി
സ്റ്റാഫ് സെക്രട്ടറി
ഡി.യു.എച്ച്.എസ്.എസ്.തൂത

# അമ്മയെ സ്നേഹിക്കുക
# അക്ഷരങ്ങളെയും...



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ




# 'ജാലകം'
# പത്രാധിപ സമിതി

## ജാലകം തുറക്കുമ്പോൾ...

വേരുകൾ തേടി........22
പ്രളയം ബാക്കിവെച്ച ഓർമ്മകൾ........25
നൂൽ പൊട്ടിയ പട്ടം ( കഥ)........27
വെളിച്ചം (കവിത)........28
ഒരു സ്വപ്ന തീരത്ത് (കഥ)........30
ഒരു കിഡ്നാപ്പിംഗ് (മിനിക്കഥ)........32
ദുരന്തങ്ങൾക്ക് പറയാനുള്ളത് (ലേഖനം)........33
കൗമാര കൗതുകങ്ങൾ........34
ഇനിയുമൊരു ജന്മം........35
എനിക്കായി... (കവിത)........35
പ്രവർത്തന വൈവിധ്യവുമായി ഒരു അധ്യയന വർഷം (ലേഖനം)........37
കുസൃതികൾക്ക് കൂട്ടായി കുട്ടിക്കൊമ്പനും കൂട്ടുകാരും........42
കാത്തിരിപ്പ് (കവിത)........44
പൂരങ്ങളുടെ നാട് (ലേഖനം)........45
അതിജീവനത്തിലൂടെ നല്ലൊരു........46
നാളേക്കായി (ലേഖനം)........46
........47
ഡി. യു. എച്ച് എസ്.എസിലെ മിന്നും താരങ്ങൾ........47
മഴ പറഞ്ഞ കഥ (ഓർമ്മക്കുറിപ്പ്)........48
അംഗീകാരത്താൽ അനുഗ്രഹീതരായ ചിലർ........49
കണ്ണീര് ഉടയ്ക്കാം (കവിത)........50
കല-ജീവിതം (ലേഖനം)........51
പുതു ജന്മമായി........53
പുതു ജീവനായി..... (കവിത)........53
ഇന്നലെ പെയ്ത മഴയിൽ (കഥ)........55
ഈറണിഞ്ഞ മിഴികൾ (കഥ)........56
തുറക്കാത്ത കണ്ണുകൾ........57
പ്രളയതാണ്ഡവം (ലേഖനം)........58
സ്വയം തടവിലൊടുങ്ങിയ സ്വപ്നരാഗം (ലേഖനം)........60
വെളിച്ചത്തിനായി ഒരു കൃത്രിമ ചന്ദ്രനെ ഒരുക്കാൻ........61
ചൈന (ശാസ്ത്ര ലേഖനം)........61
മഴ പറഞ്ഞത് (കഥ)........62

ഗണിതം നിത്യ ജീവിതത്തിൽ (ലേഖനം)....63
അറിവ് പകരുന്ന പഠനയാത്രകൾ (ലേഖനം)....66
കൂടുതൽ അറിയാൻ....69
കാഴ്ചയും തലച്ചോറും തമ്മിൽ (ശാസ്ത്രലേഖനം)....70
രാഷ്ട്രസേവനത്തിന് NCC UNIT....71
മണിക്കിണർ (കഥ)....75
അക്ഷര സ്നേഹം പകർന്ന് ഡിജിറ്റൽ ലൈബ്രറി....78
തൂത ഡി.യു.എച്ച്.എസ്.എസ്....80
കായികശക്തിയുടെ അപരനാമം (ലേഖനം)....80
പിൻമൊഴി....85

നല്ല ചിന്തയിൽ നിന്ന്
നല്ല പ്രവർത്തനങ്ങളുണ്ടാവുന്നു
നല്ല പ്രവർത്തനങ്ങൾ
നല്ല ശീലങ്ങളായി മാറുന്നു
നല്ല ശീലങ്ങൾ
നല്ല സ്വഭാവത്തെ രൂപപ്പെടുത്തുന്നു
നല്ല സ്വഭാവം
നല്ല വ്യക്തിത്വം സൃഷ്ടിക്കുന്നു.

@@@@@@@@@@@@@@@

# വേരുകൾ തേടി.......

കണ്ണാടി പോലെ തെളിഞ്ഞ തൂതപ്പുഴ.കല്ലുകൾ, പാറകൾ, ചെറിയ തുരുത്തുകൾ, ഇടക്കിടെ ചെറുകയങ്ങൾ. പുറമെ ശാന്തയെങ്കിലും ഇടക്ക് രൗദ്രയാകുന്ന ഈ പുഴ നാട്ടുകാർക്ക് ഹർഷവും ദുഃഖവും സമ്മാനിച്ചിട്ടുണ്ട്. സൈലന്റ് വാലിയിൽ നിന്ന് ഉൽഭവിച്ച് പാലക്കാട്, മലപ്പുറം ജില്ലകളിലൂടെ കേരളീയരുടെ മഹാനദിയായ നിളയിൽ ചേരുന്നു. ഈ നദിയുടെ കരയാണ് തൂത ഗ്രാമം. പാലക്കാട് മലപ്പുറം വേർതിരിച്ചൊഴുകുന്ന ഈ പുഴയുടെ കരയിലാണ് ഈ വിദ്യാലയം. മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽ , പെരിന്തൽമണ്ണ ഉപജില്ലയിൽ.ആലിപ്പറമ്പ് പഞ്ചായത്തിലെ തൂത, മണലായ, എടായ്ക്കൽ,ഒടമല, പാറൽ തുടങ്ങി തികച്ചും ഗ്രാമീണ പ്രദേശങ്ങളിലെ സരസ്വതീ ക്ഷേത്രം.: പാലക്കാട് ജില്ലയിലെ തൂത, വീട്ടിക്കാട്, കാറൽമണ്ണ പ്രദേശങ്ങളും താഴെക്കോട് പഞ്ചായത്തിലെ ഏതാനും ഭാഗങ്ങളും ഈ സ്കൂളിന്റെ ഫീഡിംഗ് പ്രദേശങ്ങളാണ്.

കാർഷിക സംസ്കൃതിയുടെ വിളഭൂമിയാണ് ഈ പ്രദേശം. ഗൾഫ് പണത്തിന്റെ സ്വാധീനം സാംസ്കാരികമായി ഏറെ മാറ്റങ്ങൾ വഴിയൊരുക്കുന്നു. കൃഷിക്കാരും കർഷകത്തൊഴിലാളികളും കൈവേലക്കാരും ചെറുകിട കച്ചവടക്കാരുമാണ് ഈ പ്രദേശത്തെ ജനങ്ങളിൽ ഭൂരിപക്ഷവും. വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതി പതുക്കെയാണെങ്കിലും ഗ്രാമീണ മനസ്സിനെ സ്വാധീനിച്ച് കൊണ്ടിരിക്കുന്നു.വിദ്യാർത്ഥികളിൽ ചെറിയൊരു പങ്ക് സ്കൂൾ സമയത്തിന് ശേഷം തൊഴിൽ എടുക്കുന്നവരാണ്. മണൽ വാരൽ, വാഹന ക്ലീനർ പണി , വാർപ്പ് പണി, പെയിന്റിംഗ് എന്നിവക്ക് പോകുന്ന വിദ്യാർത്ഥികൾ കുറവല്ല. ഇത് ഈ പ്രദേശങ്ങളിലെ പൊതു സാമ്പത്തിക സ്ഥിതിയെ തുറന്ന് കാട്ടുന്നു. വിദ്യാലയത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരാണെങ്കിലും വിദ്യാലയവുമായി അടുത്ത ബന്ധം പുലർത്തുന്നതിൽ വിമുഖരാണ് രക്ഷിതാക്കളിൽ ഒരു പങ്ക്.:വിദ്യാഭ്യാസ രംഗത്ത് ഏറെ പിന്നിലായിരുന്ന ഈ പ്രദേശത്ത് ഒരു സ്കൂൾ സ്ഥാപിക്കുക എന്നത് ഈ നാട്ടിലെ സുമനസ്സുകളുടെ സ്വപ്നമായിരുന്നു. അതിന്റെ സാഫല്യമായിരുന്നു 1976 ൽ ആരംഭിച്ച ദാറുൽ ഉലൂം അപ്പർ പ്രൈമറി സ്കൂൾ. തുടക്കത്തിൽ 5 അദ്ധ്യാപകരും 60 വിദ്യാർത്ഥികളുമാണ് ഉണ്ടായരുന്നത്. ഈ സ്കൂൾ സ്ഥാപിച്ചത് തൂത അസ്സാസ്സുൽ ഇസ്ലാം സംഘം വകയാണ്. ആദ്യത്തെ മാനേജർ മർഹ്ഹും.കെ.എം.മുഹമ്മദ്

മുസ്ല്യാർആണ്. ബഹുമാനപ്പെട്ട പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ,പെരിന്തൽമണ്ണ കെ.കെ.എസ്.തങ്ങൾ, പെരിന്തൽമണ്ണ പി.വി.എസ്.മുസ്തഫ പൂക്കോയ തങ്ങൾ എന്നിവർ ഈ സ്കൂളിന് നൽകിയ നേതൃത്വവും സംഭാവനകളും അമൂല്യമാണ്. നിലവിൽ സ്കൂളിന്റെ മാനേജ്മെന്റ് കമ്മറ്റിയിൽ സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ പ്രസിഡണ്ടായും, ബഷീറലി ശിഹാബ് തങ്ങൾ വൈസ് പ്രസിഡണ്ടായും, നാലകത്ത് സൂപ്പി സാഹിബ് സെക്രട്ടറി ആയും, പി.ടി.ഹംസു ഹാജി ട്രഷററായും പ്രവർത്തിച്ചു വരുന്നു.

1982 ൽ ഈ സ്ഥാപനം ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1985 ൽ ആദ്യ എസ്.എസ്.എൽ. സി. ബാച്ച് പുറത്തിറങ്ങി. 1998 ൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു. യു.പി-ഹൈസ്കൂൾ വിഭാഗങ്ങളിലായി 2150 വിദ്യാർത്ഥികളും, ഹയർ സെക്കണ്ടറി വിഭാഗത്തിൽ 700 കുട്ടികളും പഠിച്ചു കൊണ്ടിരിക്കുന്നു. സ്വാശ്രയ മേഖലയിൽ ഈ വിദ്യാലയത്തോടനുബന്ധിച്ച് ടി.ടി.ഐ. യും പ്രവർത്തിച്ചു വരുന്നു.1976 മുതൽ സി.കെ.സൈതലവി , 1990 മുതൽ രാമ അയ്യർ, 1995 മുതൽ വി.കെ.വത്സല ,പിന്നീട് വി.എം മുഹമ്മദ് മാസ്റ്റർ ,ഗീത.പി, ഗീത.എൻ, ബേബിപ്രസന്ന.പി എന്നിവർ ഈ സ്കൂളിൽ പ്രധാനാദ്ധ്യാപകരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിലവിൽ യൂസുഫ് എം.പി , ഹെഡ്മാസ്റ്ററായും , കെ.കെ. റഹ് മത്തുള്ള പ്രിൻസിപ്പലായും പ്രവർത്തിക്കുന്നു.സ്കൂളിന്റെ ഡെപ്യൂട്ടി ഹെഡ്മാസ്റ്ററായി മുഹമ്മദ് ബഷീർ മാട്ടരയും സേവനമനുഷ്ഠിച്ച് വരുന്നു


***<u>മാനേജ്മെന്റ്</u>***

ബഹുമാനപ്പെട്ട പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ,പെരിന്തൽമണ്ണ കെ.കെ.എസ്.തങ്ങൾ, പെരിന്തൽമണ്ണ പി.വി.എസ്.മുസ്തഫ പൂക്കോയ തങ്ങൾ എന്നിവർ ഈ സ്കൂളിന് നൽകിയ നേതൃത്വവും സംഭാവനകളും അമൂല്യമാണ്. .1982 ൽ ഈ സ്ഥാപനം ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1985 ൽ ആദ്യ എസ്.എസ്.എൽ. സി. ബാച്ച് പുറത്തിറങ്ങി. 1998 ൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടു. 5 മുതൽ 12 വരെയുള്ള ഐഡഡ് വിഭാഗവും, സ്വാശ്രയ ടി.ടി.ഐയുംപ്രവർത്തിച്ചുവരുന്നു.

***<u>പുതിയകാൽവെപ്പ്</u>***

പഴയ ഓടിട്ട കെട്ടിടങ്ങൾ , പുതിയ ഹൈടെക്ക് -കോൺക്രീറ്റ് കെട്ടിടങ്ങൾക്ക്

വഴി മാറുന്ന കാഴ്ച. ചോക്കും, ബ്ലാക്ക് ബോർഡും മൗസിനും ഡിജിറ്റൽ ബോർഡിനും സ്ഥാനമൊഴിഞ്ഞു കൊടുത്തു തുടങ്ങി. ഏത് വെല്ല് വിളികളെയും നേരിടാൻ കഴിയുന്ന അംബരചുംബികളായ ബിൽഡിംഗ് സമുച്ചയം. ചുറ്റ ഭാഗത്തുള്ള സ്കൂളുകളെ അമ്പരപ്പിച്ച് കൊണ്ട് 34 റൂമുകൾ സ്മാർട്ട് ക്ലാസ് റൂമുകളാകുമ്പോൾ , മാനേജ്മെന്റിന്റെ ദീർഘവീക്ഷണത്തിന് മുന്നിൽ കൈ കൂപ്പുകയേ നിവൃത്തിയുള്ളൂ. ഇത്രയും റൂമുകളിലേക്ക് ലാപ്ടോപ്പും, പ്രൊജക്ടറും അനുവദിച്ച ഗവൺമെന്റിന്റെ വികസനക്കാഴ്ചയെ വാനോളം പുകഴ്ത്തുന്നു. പുതിയ തലമുറക്ക് ഹൈടെക്ക് വിദ്യാഭ്യാസം ലഭിക്കാനുള്ള സർവ്വ വഴികളും തുറന്ന് തരുന്നവരോട് ഞങ്ങൾക്ക് നന്ദിയുണ്ട്.



# പ്രളയം ബാക്കിവെച്ച ഓർമ്മകൾ

വിസ്മയ.എസ്.9.ബി. (ലേഖനം)

നാം മഹാപ്രളയത്തിൽ നിന്നും കരകയറുകയാണ് ഇനി വേണ്ടത് ഒരു നവകേരള സൃഷ്ടിയാണ്. ഓർത്തെടുക്കുമ്പോൾ ഭയപ്പെടുകയും ഒരു മലയാളിയായതിനാൽ അഭിമാനം തോന്നുകയും ചെയ്യുന്ന നമിഷങ്ങളുണ്ട്. കുളിർ തെന്നലിന്റെ സുഖമുള്ള മഴയോർമ്മകൾ മനസ്സിൽ സൂക്ഷിച്ചിരുന്ന മലയാളി കണ്ടത് മഴയുടെ രൗദ്രഭാവം. നൂറ്റാണ്ടിലെ ഏറ്റവും വലിയപ്രളയം.

കാലവർഷം പതിവിലുമധികം ശക്തിപ്രാപിക്കുന്നത് നാം ശ്രദ്ധിച്ചിരുന്നില്ല. എല്ലാ കൊല്ലത്തെയും പോലെ കുട്ടനാട്ടിൽ മാത്രം ഒതുങ്ങും മഴക്കെടുതിയുടെ ദുരന്തങ്ങളെന്ന് കേരളം കരുതി. വെറുതെയെങ്ങു തിരിച്ചുപോവാൻ വന്നതല്ല എന്നസൂചന നൽകി മലയോരങ്ങളിൽ വ്യാപകമായ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഡാമുകളിലും ജലനിരപ്പ് ഉയർന്നുതന്നെ. ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്ന വാർത്തകൾ ആശങ്കയ്ക്ക് പകരം ആകാംശയോടെയാകും ഒരു പക്ഷേ മലയാളികൾ കേട്ടത്. ഡാമിന്റെ ഷട്ടറുകൾ തുറക്കുന്ന ചരിത്ര നിമിഷത്തിന് സാക്ഷ്യം വഹിക്കാനായി ഇടുക്കിയിലേക്ക് ജനപ്രവാഹം. ട്രയൽ റണ്ണിങ്ങിനായി തുറന്ന ഷട്ടറുകൾ പിന്നീട് അടക്കേണ്ടി വന്നില്ല. ചരിത്രത്തിലാദ്യമായി ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകളും ഉയർത്തി. കാല വർഷം അതിന്റെ എല്ലാ ഭീരകരതയോടെയും ആർത്തലച്ചു. റോഡുകൾ ഒലിച്ചുപോയി, വീടുകഗൾ നിലംപൊത്തി, കുന്നുകൾ ഇടിഞ്ഞു. രാജ്യം എഴുപത്തിരണ്ടാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ആശങ്കയുടെ നിഴൽ വന്നിരുന്നു കേരളത്തിന്റെ ആകാശത്ത്.

കിട്ടിയതൊക്കെ കയ്യിലെടുത്ത് ദുരിതാശ്വാസ ക്യാമ്പിലേക്ക് ഓടിയവർ, വീടിന്റെ രണ്ടാം നിലയിൽ അഭയം പ്രാപിച്ചവർ, ചത്തു പൊങ്ങിയ വളർത്തു മൃഗങ്ങൾ, ഒറ്റപ്പെട്ട് കുടുങ്ങിക്കിടക്കുന്നവർക്കായുഴള്ള സഹായഭ്യർത്ഥനകൾ. ഒരു മനുഷ്യായുസ്സിൽ മറക്കാൻ കഴിയാത്ത നടുക്കുന്ന ഓർമ്മകളാണ് പ്രളയം സമ്മാനിച്ചത്.

കേരളത്തിന്റെ സൈന്യമായി മത്സ്യത്തൊഴിലാളികൾ മാറി. ആയുധമില്ലാതെ തുഴയേന്തിയ കൈകൾ ഓരോ വീടിന്റെയും വാതിലുകൾ മാറി മാറി കൊട്ടി. ജീവനറ്റുപോകാത്ത കുറച്ചു ശബ്ദങ്ങൾക്കായി. കുടുങ്ങി കിടക്കുന്നവർക്കായി ആഹാരവും മറ്റവശ്യവസ്തുക്കളും എത്തിച്ചു. കേരള ജനത ഒന്നായി പ്രവർത്തിച്ചു. സഹായഹസ്തങ്ങൾ നീട്ടി അയൽ സംസ്ഥാനങ്ങളും വിദൂര രാജ്യങ്ങളും മുന്നോട്ട് വന്നു. നവകേരള സൃഷ്ടക്കായി ധനസഹായങ്ങൾ ഏരെ മുന്നോട്ട്വെച്ചു. അതി ജീവനത്തിന്റെ നാളുകൾ ഏറെ വിപുലമായി മുന്നിട്ടു.

ജാതി-മത ഭേതമല്ലാതെ എല്ലാവരും ഒറ്റക്കെട്ടായിനിന്നു. ദുരിതങ്ങൾ മറന്ന്

സന്തോഷങ്ങൾ കണ്ടെത്തുവാനായി ഓരോരുത്തരും വഴിവിളക്കുകൾ തേടി. മാനവ ഐ ക്യവും സഹോദര്യവും അടിത്തറയാക്കിയ പ്രളയ കാലഅനുഭവങ്ങൾ ചവർപ്പേറിയ മധുരമോടെ നമുക്ക് ഓർക്കാം.....





# നൂൽ പൊട്ടിയ പട്ടം (കഥ)

മിർസാന.ഇ.പി.9.ബി

"ന്റെ ശ്യാമേ..., നീയൊന്നടങ്ങ്.. " "ഹരിയേട്ടന് ,അത് പറഞ്ഞാ മതിയല്ലോ.. ഇവിടെ എരിയുന്നത് ഞാനല്ലേ..?"മുഖമൂന്നി ശ്യാമ തിരിഞ്ഞു കിടന്നു. "എന്നു പറഞ്ഞാ.. പോയവർ തിരിച്ചു വരുമെന്നാണോ..?" മറുപടിക്ക് കാത്തു നിൽക്കാതെ ഹരി മുറി വിട്ടറങ്ങി. ഭാര്യാസഹോദരനെ വിളിച്ചു കാര്യങ്ങൾ തിരക്കി. എല്ലാം അതിന്റെ മുറയ്ക്ക് നടക്കുന്നുണ്ടെന്ന് മാത്രം അറിയാൻ സാധിച്ചു.

രണ്ടു ദിവസം മുമ്പാണ് പ്രീത തന്റെ ചേച്ചിയുടെ ഭർത്താവിന്റെ ഫ്ലാറ്റിൽ അതിഥിയായെത്തുന്നത്. ഹരിയുടെ ഒറ്റ നിർബന്ധത്തിനു വഴങ്ങിയായിരുന്നു ആ വരവ്. 'ഒരാഴ്ച കഴിഞ്ഞാൽ മറ്റൊരുത്തന്റെ വീട്ടിലേക്ക് പോവേണ്ടവളല്ലേ..ന അതിന് മുമ്പ് ഒരു വിരുന്നൊക്കെയാവാം ' എന്ന് പറഞ്ഞ് ശ്യാമയും സ്വീകരണത്തിനു കൂട്ടുനിന്നു. സഹോദരിയെ മാത്രം വിളിച്ചതിൽ ചേട്ടനുപരി അച്ഛനും അമ്മയ്ക്കും പരാതിയുണ്ടായിരുന്നു. അത് തീർക്കാനായി ശ്യാമ തന്റെ അച്ഛനേയും അമ്മയേയും ചേട്ടനേയും വിരുന്നിന്റെ മൂന്നാം നാൾ വീട്ടിലേക്ക് ക്ഷണിച്ചു. തികച്ചും ആനന്ദനിമിഷങ്ങൾക്ക് വിരാമമായി അന്നു രാത്രി അത് സംഭവിച്ചു...പുലർച്ച മൂന്ന് മണിക്ക് ശ്യാമ വെള്ളം കുടിക്കാൻ ഉണർന്നപ്പോൾ അച്ഛൻ കിടന്നിരുന്ന മുറിയുടെ വാതിൽ തുറന്നു കിടക്കുന്നു. പാതി തളർന്ന മനസ്സിൽ ആശങ്ക,അവൾ അകത്തേക്ക് ചെന്നു. അച്ഛൻ നിദ്രയിലാണ്. ടേബിളിൽ കിടന്നിരുന്ന കടലാസ് കയ്യിലെടുത്തു. ഇരുണ്ട വെളിച്ചത്തിൽ വരികൾ വ്യക്തമായില്ല. അവൾ അതെടുത്ത് മുറിയിൽ ചെന്ന് കണ്ണോടിച്ചു. നിശബ്ദമായിരുന്ന മൂന്നാം നിലയിലെ ആ ഫ്ലാറ്റിൽ പിന്നെ കേട്ടത് ഒരലർച്ചയായിരുന്നു. അത് കേട്ട് വന്നവരൊക്കെ ഞെട്ടി! പ്രീത തന്റെ പഴയ കാമുകന്റെ കൂടെ ഒളിച്ചോടിയിരിക്കുന്നു. വാർത്ത കേട്ടതും അച്ഛന്റെ ഹൃദയമിടിപ്പ് നൂൽ പൊട്ടിയ പട്ടം പോലെ മേല്പോട്ട് മേല്പോട്ട് പൊങ്ങി.

എങ്കിലുമിപ്പോൾ ശ്യാമ വേവലാതി പെടുന്നത് അതുതൊണ്ടൊന്നുമല്ല പ്രീതയുടെ കത്തിലെ അവസാന വരികൾ.. 'ചേച്ചി എന്നോട് ക്ഷമിക്കണം , ഞാൻ പോകുന്നത് ചേച്ചിയുടെ ലോക്കറിലുണ്ടായിരുന്ന 42 പവൻ സ്വർണമെടുത്താണ്....'

# # # # # # # # # #

# വെളിച്ചം (കവിത)

വിസ്മയ.കെ.9.ബി

തെളിയുന്ന മനതാരിലൊരു വെളിച്ചം
അറിവിന്റെ നിറവിന്റെ പുതു വെളിച്ചം
അന്തരംഗത്തെയും അമൃതമാക്കി മാറ്റുന്ന
ശാന്തിതൻ നീതിതൻ പുതു വെളിച്ചം
മനതാരിൽ നിറയുന്ന കനിവിന്റെ കനവിന്റെ
വെളിച്ചത്തിലേക്ക് ഉറ്റുനോട്ടം
വഴിതേടി അലയുന്ന എങ്കിലും അകലുന്ന
വഴിവിട്ട ലോകത്തെ സാക്ഷിയാക്കി
പരത്തുന്ന ഞാനാ പുതു വെളിച്ചം
അറിവിന്റെ നിറവിന്റെ പുതുവെളിച്ചം.



# അക്ഷര ശില്പം



നമ്മുടെവിദ്യാലയത്തിലെഅനുഗൃഹീതകലാകാരൻവേണുമാസ്റ്റർ നമ്മുടെവിദ്യാലയത്തിനായി നിർമ്മിച്ച് നൽകിയ അക്ഷരശിൽപത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ ചെറുകഥ.

## 'ഒരു സ്വപ്ന തീരത്ത്'

# ഒരു സ്വപ്ന തീരത്ത് (കഥ)

-ബഷീർ ചെർപ്പുളശ്ശേരി

ആഴ്ചകളായി തുടരുന്ന ശില്പനിർമ്മാണം ശില്പിയെ തീർത്തും ക്ഷീണിതനാക്കിയിരുന്നു. അതു കൊണ്ട് തന്നെ , ഉച്ചവെയിലിന്റെ തീക്ഷ്ണതയിൽ , പുഴക്കപ്പുറം കുന്നിൻ ചെരിവുകളിൽ നിന്ന് ഒഴുകിയെത്തിയ വൃശ്ചിക കാറ്റിന്റെ മന്ത്രണ-ത്തിൽ, ശില്പത്തിനരികിൽ കിടന്ന് അയാൾ അറിയാതെ ഒന്ന് മയങ്ങിപ്പോയി... പതിയെ പതിയെ സുഷുപ്തിയുടെ ആഴങ്ങളിലേക്ക്....

സ്വർഗത്തിനുമപ്പുറം അനാദിയായ പ്രപഞ്ചത്തിന്റെ ഹരിതാഭമായ ഏതോ ഒരതിരിൽ ഉയർന്ന് നിൽക്കുന്ന ബോധിവൃക്ഷത്തിന്റെ കറുത്ത നിഴൽ ശില്പിയുടെ ഉപബോധമനസ്സിലേക്ക് പടർന്നു. വൃക്ഷ ശിഖിരങ്ങളിൽ ഞാന്ന്കിടക്കുന്ന അക്ഷരങ്ങളെ എത്തി പിടിക്കാനായുന്ന പലപ്രായത്തിലുള്ള കുട്ടികൾ....
ശബ്ദഘോഷം....

ആരവങ്ങൾ തെല്ലിട നിലച്ചപ്പോൾ ഭൂമിയെ പിളർത്തി മണ്ണിൽ നിന്നും ഉയർന്നുവരുന്ന ചാതുരിയും ചാരുതയും സമന്വയിച്ച തുറന്നുവെച്ച പുസ്തകത്തിന്റെയും ചേർന്നു നിൽക്കുന്ന തൂലികയുടെയും ശില്പം. താൻ നിർമ്മിച്ചു കൊണ്ടിരിക്കുന്ന തനിക്കേറെ ഇഷ്ടപ്പെട്ട അക്ഷര ശില്പത്തെ കണ്ടമാത്രയിൽ ശില്പിയിൽ അനിയതമായ ഒരനുഭൂതിയുടെ ആവേഗം. അയാളുടെ കൈവിരലുകൾ ശില്പത്തിന്റെ നിമ്നോന്നതങ്ങളിൽ ഇഴഞ്ഞു. ശില്പിയുടെ സ്പർശം ശില്പത്തെ തരളിതമാക്കി.
“ഞങ്ങളിപ്പോൾ വന്നത് നന്ദി അറിയിക്കാനാണ്”തൂലികയുടെ വാക്കുകൾ ശില്പിയെ ജിജ്ഞാസുവാക്കി. “അതിന് മാത്രം ഞാനൊന്നും ചെയ്തില്ലല്ലോ.... ” ശില്പിയുടെ മറുപടിയിൽ വിനയത്തിന്റെ ഹിമകണം. “ചെയ്തില്ലന്നോ....? പരിഷ്കൃത സമൂഹം പരിത്യജിച്ച, ചരിത്രത്തിന്റെ ഓടകളിലേക്ക് വലിച്ചെറിഞ്ഞ ഞങ്ങൾക്ക് .... ഈ മക്കളുടെ മനസ്സിലെങ്കിലും വീണ്ടുമൊരു ഉയിർപ്പ്...”
ബോധിവൃക്ഷ ശിഖിരങ്ങളിൽ നിന്നും പറന്നു വീണ അക്ഷരങ്ങളെ പുസ്തകം മാറോട് ചേർത്തു പിടിച്ചു.നെറ്റിയിൽ മുത്തമിട്ടു.
“ഒന്നു ചോദിച്ചോട്ടെ... കോടാനു കോടി രൂപങ്ങൾ നിറഞ്ഞു നിൽക്കുന്ന ഈ ലോകത്ത് നിന്ന് എന്തേ ഞങ്ങളെ മാത്രം തെരഞ്ഞെടുക്കാനുണ്ടായ കാരണം? ”ശില്പിയുടെ കണ്ണുകൾ ബോധിവൃക്ഷത്തിന്റെ, സർപ്പങ്ങൾ പോലെ കെട്ടുപിണഞ്ഞ് കിടക്കുന്ന വേരുകളിൽ പതിച്ചു. അവിടെ വീശിയടിച്ച കാറ്റിൽ കരിയിലകൾ ആകാശത്തേക്ക്

പറന്നുയർന്നു. ശില്പിയുടെ വിസ്തൃതമായ നെറ്റിയിൽ വിയർപ്പിന്റെ മുകുളങ്ങൾ....

"അക്ഷരങ്ങൾ പ്രപഞ്ചത്തിന്റെ ആത്മാവാണ്"ശില്പിയുടെ ശബ്ദം ഭൂമിയുടെ അതിരുകളിൽ പെരുമ്പറയായി മുഴങ്ങി. പുഴയിൽ നിശബ്ദതയുടെ ചുഴികൾ രൂപമെടുത്തു.

"സത്യത്തിൽ, പൗരാണികമായ അർധനാരീശ്വര സങ്കൽപ്പമായിപ്പോലും ഞാൻ നിങ്ങളെ കാണാൻ ആഗ്രഹിക്കുന്നു" ശില്പിയുടെ വാക്കുകൾ പുസ്തകതാളുകളിൽ സൈത്രൈണതയുടെ ലാവണ്യവും ളുലികയിൽ പൗരുഷത്തിന്റെ ഗരിമയും സൃഷ്ടിച്ചു.

"മാംസനിബദ്ധമായ വൈകാരികതക്കുമപ്പുറമുള്ള ഉർവരമായ സ്ത്രീപുരുഷ സങ്കലനം.... അതല്ലേ താങ്കളുദ്ദേശിച്ചത്...."

"അതിനുമപ്പുറം പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഏകത...."

പുസ്തകത്തിന്റെ വിചിന്തനത്തിന് ളുലികയുടെ കൈയ്യൊപ്പ്.

"അതെ... എല്ലാറ്റിനുമുപരി നിങ്ങളില്ലാത്ത ഒരു ലോകം ജഡസമാനമായി ഞാൻ കാണുന്നു. "

അകലെയകലെ ആകാശപഥങ്ങളിൽ നിന്ന് നക്ഷത്രങ്ങൾ അക്ഷരങ്ങളായി ബോധിവൃക്ഷ ശിഖിരങ്ങൾക്കിടയിലൂടെ മണ്ണിലേക്ക് പതിച്ചു. അവ ളുലികയിൽ നിറഞ്ഞ് പുസ്തകതാളുകളുടെ നഗ്നതയിലേക്കൊഴുകി.

"ഈ ബോധിവൃക്ഷത്തിലെ ഓരോ ഇലകളും, എത്രയോ തലമുറകളുടെ സർഗ്ഗതാളത്തിന് ശ്രുതിമീട്ടിയ ഈ പുഴയുടെ ഓളങ്ങളും ... അല്ല ഇവിടത്തെ ഓരോ മൺതരി പോലും താങ്കളോട് എന്നും കടപ്പെട്ടിരിക്കും"

"എന്തിന്....?"

"താങ്കളെപ്പോലുള്ള ഒരു മഹാമനീഷിയുടെ , മഹാ ശില്പിയുടെ കരങ്ങളിലൂടെ ഞങ്ങൾക്ക് മോക്ഷം നൽകിയതിന്..."

സർഗ്ഗ പ്രക്രിയ സമ്മാനിച്ച കൃതാർത്ഥതയിൽ, നിദ്രയുടെ പരിസമാപ്തി ഘട്ടത്തിൽ ശില്പി താൻ നിർമ്മിച്ച കൊണ്ടിരിക്കുന്ന ശില്പത്തോട് നെഞ്ച് ചേർത്ത് വെച്ചു.

ളുലികതുമ്പ് തട്ടി ശില്പി തന്റെ വിഭ്രാത്മകമായ ഉറക്കിൽ നിന്നുണർന്നു.

സമയം സായാഹ്നമായിരുന്നു

ചുറ്റിലും മൗനത്തിന്റെ വേലിയേറ്റം.

സ്വപ്നദർശനം നൽകിയ അഭൗമമായ ഒരാവേശം ശില്പിയിൽ നിറഞ്ഞു.

പുഴക്കപ്പുറം , പരന്ന് കിടക്കുന്ന നെൽ വയലുകൾക്കുമപ്പുറം അപ്പോഴും വൃശ്ചിക കാറ്റ് വീശിയടിക്കുന്നുണ്ടായിരുന്നു.

# ഒരു കിഡ്നാപ്പിംഗ് (മിനിക്കഥ)

സൽമാനൽ ഫാരിസ്.കെ.10.ജി

ലക്ഷ്മിക്കുട്ടിയമ്മ രാവിലെ മുറ്റമടിച്ച്കൊണ്ടിരിക്കുമ്പോഴാണതു ണ്ടായത്. ചീറിപാഞ്ഞു വന്ന ഓട്ടോ ഇടവഴിയിൽ നിർത്തി രണ്ട് മുഖം മൂടികൾ, അവർ അമ്മൂമ്മയെ പൊക്കിയെടുത്തു. അറുപതു വയസ്സിലും ചുചുറുക്ക് വിടാതെ ജീവിക്കുന്ന ലക്ഷ്മിക്കുട്ടിയമ്മ ആ ചെറുപ്പക്കാരുടെ കരവലയങ്ങളിൽപെട്ട് ഒരു മത്സ്യത്തെപ്പോലെ പിടച്ചു കൊണ്ടിരുന്നു.നാളിതു വരെ പത്രങ്ങളിലെല്ലാം വായിച്ചത് തന്റെ ജീവിതത്തിലുംവന്നുപോയല്ലോ എന്നോർത്ത് അവരുടെ കണ്ണുകൾ നിറഞ്ഞു. ആറു വയസ്സുകാരിയും അറുപതുവയസ്സുകാരിയും പീഢനത്തിനിരയാവുന്നത് ദൈവത്തിന്റെ സ്വന്തം നാട്ടി ലും 'വിട്ടു കളയരുത് '..ഒരുവൻ പറഞ്ഞു. ' റേയർ പീസാണ് .. ഇത് പോലൊരാളെ ഇനി കിട്ടണമെന്നില്ല '. രണ്ടാമൻ യോജിച്ചു. ഓട്ടോറിക്ഷ ഇടവഴികളും നഗരപാതകളും പിന്നിടുന്നത് ഒരു തളർച്ചയോടെ അവർ നോക്കി കണ്ടു. ഒടുവിൽ ,ഒരു സ്കൂൾ ഗ്രൗണ്ടിന് മുന്നിൽ അത് നിന്നു. അമ്മൂമ്മയെ കുറേ പൂക്കൾ നിറച്ച കുടകൾക്കു നടുവിൽ ഇറക്കി നിർത്തിയപ്പോഴേക്കും ഒരുപാട് ചെറുപ്പക്കാർ ചുറ്റും വളഞ്ഞു. മുഖം മൂടികൾ അഴിച്ചു മാറ്റി എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു:
ഓണപ്പൂക്കളം ഒരുക്കാൻ ഒന്ന് ഹെല്പ് ചെയ്യൂ, അമ്മൂമ്മേ...പ്ലീസ് .......



# ദുരന്തങ്ങൾക്ക് പറയാനുള്ളത് (ലേഖനം)

ആഷിഖ്.പി.പി.10.ജെ

ദുരന്തങ്ങളെ കുറ്റം പറഞ്ഞാൽ പോരാ... അവയ്ക്ക് പറയാനുള്ളത് കേൾക്കണം. ദുരന്തം പറയുന്നു.ഞാൻ മാറ്റിമറിക്കുന്ന ഒരു കാറ്റാണ്. ശുദ്ധീകരിക്കുന്ന ജലമാണ്. കുഴിച്ചു മൂടുന്ന മണ്ണാണ്. കരിച്ചു കളയുന്ന അഗ്നിയാണ്. വിളിച്ചുണർത്തുന്ന അട്ടഹാസമാണ്. നിങ്ങളിലെ ധനികനെ ദരിദ്രനാക്കിയും , ശക്തനെ ദുർബലനാക്കിയും, ഉന്നതനെ നീചനാക്കിയും ഞാൻ മാറ്റി മറിക്കും . ഇടക്കിടെ ചെയിഞ്ച് നല്ലതല്ലേ?നിങ്ങളുടെ മനസ്സിലടിഞ്ഞു കൂടിയിരിക്കുന്നമാലിന്യങ്ങളെയും ചപ്പു ചവറുകളെയുംശുദ്ധീകരിക്കാനാണ് ഞാൻ വരുന്നത്. നിങ്ങളുടെ ദുരഭിമാനത്തെ മണ്ണിട്ടു മൂടാനാണ് നിങ്ങൾക്ക് മുകളിൽ ഇടിഞ്ഞു വീഴുന്നത്.നിങ്ങളിലെ സർവ്വ വേണ്ടാത്തരങ്ങളെയും കരിച്ചു കളയാനാണ് ഒരു അഗ്നിയായി ഞാൻ ആളി പടരുന്നത്. നിങ്ങളിലെ ഉറങ്ങുന്നവരെയും മൃതമനസ്കരെയും വിളിച്ചുണർത്താനാണ് ഇടി തീയായി ഞാൻ ശബ്ദിക്കുന്നത്. ഞാൻ വന്നു പോയാൽ നിങ്ങളെല്ലാം മാറണം. ശുദ്ധരാവണം. മാറിയില്ലെങ്കിൽ പിന്നേയും എനിക്ക് വരേണ്ടി വരും.

നിങ്ങൾ എന്നെ കുറ്റം പറയരുത്. നിങ്ങൾ നിങ്ങളെ തന്നെ കുറ്റം പറയുക. ഞാൻ നിങ്ങൾ ക്ഷണിച്ച അതിഥി മാത്രം.ഞാൻ നിങ്ങളെ സംഹരിക്കുകയില്ല.സംസ്കരിക്കുകയാണ്. തളർത്തുകയല്ല വളർത്തുകയാണ്. വീഴ്ത്തുകയല്ല വാഴ്ത്തുകയാണ്. ഞാൻ അന്തകനല്ല അധ്യാപകനാണ്. നിങ്ങൾ എന്റെ വിദ്യാർത്ഥികളാവുക. പാഠം പഠിച്ചില്ലെങ്കിൽ ശിക്ഷിക്കുന്നത് വേദനിപ്പിക്കാനല്ല. ബോധമുണ്ടാക്കാനാണ്. നിങ്ങൾ സ്വയം പഠിച്ചില്ലെങ്കിൽ നിങ്ങളെ ഞാൻ പഠിപ്പിക്കും. നിങ്ങൾ വളഞ്ഞാണ് വളരുന്നതെങ്കിൽ നിങ്ങളെ നേർക്കു നിർത്തും. നിലം വിട്ടു സഞ്ചരിക്കുന്നുവെങ്കിൽ ഞാൻ നിലക്കുനിർത്തും.

അതിനാൽ ഞാൻ വരാൻ കാത്തു നിൽക്കേണ്ടതില്ല. നിങ്ങൾ നേരേ നടക്കുക.എനിക്കു പണിയുണ്ടാക്കിയാൽ നിങ്ങൾക്കുതുപണിയാകുമെന്നു ഓർക്കുക. ഞാൻ വലിഞ്ഞു കയറി വരുന്നില്ല. എന്നെ വിളിച്ചു വരുത്തുകയാണ്. നിങ്ങൾ എന്നെ ക്ഷണിക്കുകയാണ്. ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കൽ എന്റെ കടമയാണല്ലോ. നിങ്ങൾ എന്നെ കടലിലേക്കാണ് വിളക്കുന്നതെങ്കിൽ ഞാൻ അവിടെ വരാം. അതോ കരയിലേക്കോ. നിങ്ങൾ എന്നെ കരയിലേക്കാണ്

വിളിച്ചതെങ്കിൽ ഞാൻ അവിടെയും വരാം. നിങ്ങൾ എനിക്ക് വഴി പറഞ്ഞ് തരേണ്ടതില്ല .എപ്പോഴും എങ്ങനെയെങ്കിലുംവരുംഞാൻ.വന്ന് കഴിഞ്ഞാൽ പിന്നെ പറഞ്ഞിട്ട് കാര്യമില്ല. അതു കൊണ്ട് നല്ലവണ്ണം സൂക്ഷിച്ച് പറയുന്നത് കേട്ട്നടക്കുക.

# കൗമാര കൗതുകങ്ങൾ





# ഇനിയുമൊരു ജന്മം എനിക്കായി...

ഷന നസ്രിൻ .10.സി (കവിത)

ഇനിയുമൊരു ജന്മം എന്തിനേ-
യെൻ ബാക്കിയാക്കി നീ...
തനിച്ചാക്കി വിടപറഞ്ഞില്ലയോ...
എൻ മനസ്സിൽ കൂരിരുട്ടിൻ
മാലകൾ കോർത്തു നീ മറ-
ഞ്ഞതോ....

എൻ നിഴലായ് തെന്നലായ്
വെളിച്ചമായ് നീയെന്നുമെൻ
മനസ്സിൽ തിരികൾ ജ്വലിക്കുന്നു.
ശോകമായ് നിഴലിലായ്
മൂകമായ് ഏകയായ്...
ഇനിയുമൊരുയർത്തെഴ-
ന്നേൽപ്പെൻ
ഇടറുന്ന ശ്വാസമായൊരു
പുനർജന്മം.

ഇരുളിന്റെ കടവെത്തെന്തോ
മറഞ്ഞു പോയ്
എങ്കിലും നിന്നോർമ്മയിൽ
ഉണരുന്ന ഞാൻ...
ഉയർത്തഴന്നേൽക്കയായ്...
തീപ്പടർന്ന മനസ്സിൽ
ജലമാകെ പൊഴിക്കുന്നു നീ
നിൻ മധുരമോർമ്മയായ്..
ഇനിയുമെൻ ജന്മം
ഉയർത്തെഴന്നേൽക്ക
ഞാൻ...
നിന്നോർമ്മയിൽ തൻ

കൂടപിറപ്പായ്....

ഇടറുന്ന ചുണ്ടിലായ് നീട്ടി
നീ തിരികൾ വെളിച്ചമേകീ
മുമ്പേ... കാണിക്കയായ്....
ഇനിയുമൊരു ചൂടിൽ തണ-
ലായിരികെ നീ നിന്നോ-
ർമ്മകൾ മധുരമേകി
ഇനിയുമൊരു പുനർജന്മം.

€€€€€€€€€€



# പ്രവർത്തന വൈവിധ്യവുമായി

## ഒരു അധ്യയന വർഷം (ലേഖനം)

സിമില റൈഹാൻ.കെ, ഹസീന.സി.എച്ച്

2018-19 അധ്യായന വർഷത്തെ തൂത D.U.H.S S, UP വിഭാഗത്തിന്റെ പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ഏറെ മികവു പുലർത്തുന്നതിനായിരുന്നു. മികച്ച സംഘാടനത്തിലൂടെ കുട്ടികളിൽ അന്തർലീനമായ ശേഷികളെ പരിപോഷിപ്പിക്കുന്നതിന് പര്യാപ്തമായ വൈവിധ്യം നിറഞ്ഞ പരിപാടികളാണ് അന്യൂനമായ ആസൂത്രണത്തിലൂടെ നടപ്പിലാക്കിയത്.

## മലയാളത്തിളക്കം

പൊതു വിദ്യാലയശതീകരണത്തിന്റെ ഭാഗമായി പലകാരണങ്ങൾ അക്ഷരരാഭ്യാസം കൃത്യമായി നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി അവരെ അക്ഷരാത്ഥത്തിൽ സാക്ഷരരാക്കാൻ വേണ്ടിയുള്ള തുടർപ്രക്രിയയാണിത്. ഇതിനായി പ്രത്യേകം തെരഞ്ഞെടുത്ത നാൽപതോളം കുട്ടികൾക്ക് അധ്യാപകരുടെ പ്രത്യേക ശിക്ഷണത്തിലൂടെ മലയാള അക്ഷരങ്ങളും ചിഹ്നങ്ങളും വ്യവസ്ഥാപിതമായി മനസ്സിലാക്കി കൊടുക്കാനും എഴുത്തിന്റെയും വായനയുടെയും ലോകത്തേക്ക് അവരെ കൈപിടിച്ച് കൊണ്ട് വരാനും കഴിഞ്ഞു.





# ഹലോ ഇംഗ്ലീഷ്

UP വിദ്യാർത്ഥികളിൽ ആംഗലേയ ഭാഷയോടുള്ള ആഭിമുഖ്യം വർധിപ്പിക്കുന്നതിനായി നടത്തിയ' ഹലോ ഇംഗ്ലീഷ് ' പ്രോഗ്രാമിന് മികച്ച സ്വീകാര്യതയാണ് ലഭിച്ചത്. ഇംഗ്ലീഷ് ഭാഷാ ഭീതി ഒഴിവാക്കാനും ഭാഷയെ കൂടുതൽ അടുത്തറിയാനും ഹലോ ഇംഗ്ലീഷ് ഏറെ ഗുണകരമായി.



# ഫുഡ് ഫെസ്റ്റ്

സയൻസ് അധ്യാപകരുടെ മേൽനോട്ടത്തിൽ നടത്തിയ ഫുഡ് ഫെസ്റ്റ് വേറിട്ട ഒരനുഭവമായിരുന്നു. കുട്ടികൾ അവരവരുടെ വീടുകളിൽ നിന്ന് പാചകം ചെയ്ത് കൊണ്ടു വന്ന വൈവിധ്യം നിറഞ്ഞ നാടൻ ഭക്ഷണ വിഭവങ്ങളുടെ പ്രദർശനം രുചിഭേദം കൊണ്ട് അവിസ്മരണീയമായി നാടൻ ഭക്ഷണകൂട്ടങ്ങളുടെ പോഷകഗുണങ്ങൾ തിരിച്ചറിയാൻ ഇതുവഴി കുട്ടികൾക്ക് അവസരം ലഭിച്ചു.



# ഹൗസ് വൈസ് ഫുട്ബോൾ മാച്ച്

കായികാധ്യാപകരുടെ  നിയന്ത്രണത്തിൽ വിവിധ നിറങ്ങളിലുള്ള ജേഴ്സിയണിഞ്ഞ് സംഘടിപ്പിച്ച ഹൗസ് വൈസ് ഫുട്ബോൾ മാച്ച് , മത്സരം എന്നതിനുമപ്പുറം ഒരാഘോഷമായിരുന്നു എന്ന് പറയാം.



## യു.എസ്.എസ്.

സമീപ വർഷങ്ങളിലെ U S S പരീക്ഷകൾക്കു വേണ്ടിയുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി 5,6 ക്ലാസുകളിൽ പഠിക്കുന്ന പഠന മികവുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക കോച്ചിംഗ് ക്ലാസുകൾ സംഘടിപ്പിച്ച് വരുന്നു.

## ക്രിസ്മസ് തൊപ്പി നിർമ്മാണം

ഈ വർഷത്തെ ക്രിസ്മസിനോടനുബന്ധിച്ച് 5-ാം തരം കുട്ടികൾക്കായി സാന്താക്രോസ് തൊപ്പി നിർമ്മാണ മത്സരം സംഘടിപ്പിച്ചു. മികച്ച വിദ്യാർത്ഥി പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഈ മത്സരത്തിലെ വിജയികൾക്ക് പ്രത്യേക സമ്മാനങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു.



## പഠനയാത്ര

പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ ലക്ഷ്യമിട്ട് സംഘടിപ്പിച്ച പഠന യാത്രകൾ ഏറെ ഉപകാര പ്രദമായിരുന്നു.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

വിദ്യാർത്ഥികളിലെ സ്വർഗാത്മകതയെ വളർത്തുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്ന ക്ലബ്ബ് പ്രവർത്തനങ്ങൾ ഈ അധ്യായന വർഷം ഏറെ സജീവമായിരുന്നു.

ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന നമ്പർ ചാർട്ട്, ജ്യോമടിക് ചാർട്ട് മത്സരങ്ങൾ ശ്രദ്ധേയമായി. ഗാന്ധി ദർശനത്തിന്റെ ഭാഗമായി നടന്ന കവിതാലാപന മത്സരത്തിൽ സബ്ജില്ലയിൽ ഒന്നാം സ്ഥാനവും ജില്ലയിൽ A ഗ്രേഡും നേടി.

വിദ്യാർത്ഥി കേന്ദ്രീകൃതമായ ബഹുമുഖപരിപാടികൾ സമയബന്ധിതമായി സംഘടിപ്പിക്കാൻ കഴിഞ്ഞതുവഴി യു.പി.വിഭാഗം വിദ്യാർത്ഥികൾക്ക് ഈ അധ്യയനവർഷം മികവിന്റെ വർഷം തന്നെയായിരുന്നെന്ന് പറയാം.

# കുസൃതികൾക്ക് കൂട്ടായി കുട്ടിക്കൊമ്പനും കൂട്ടുകാരും

**വര: രാധാകൃഷ്ണൻ.ടി.പി. കലാധ്യാപകൻ**
**ഡി.യു.എച്ച്.എസ്.എസ്.തൂത**









# കാത്തിരിപ്പ് (കവിത)


അനീസ്.സി.മണ്ണാർക്കാട്
എച്ച്.എസ്.എ.ഉറുദു. ഡി.യു.എച്ച്.എസ്.എസ് തൂത

ഞാനൊരു നിരപരാധിയുടെ
കൂടി മരണത്തിന്
കാത്തിരിക്കുകയാണ്.
അനീതിക്കെതിരെയുള്ള ശബ്ദം
അന്നേ ഞാനെടുക്കും..
വിപ്ലവത്തിന്റെ കൈ
അന്നേ ഉയർത്തും...
നീതിയുടെ കണ്ണുകൾ
അന്നേ തുറക്കും...
പക്ഷേ.......
നിറഞ്ഞ കണ്ണുകൾക്കിടയിൽ
പുകഞ്ഞു തീരുന്ന
ചന്ദനത്തിരിയുടെ ഗന്ധം
എന്നെ അസ്വസ്ഥനാക്കും,
തേങ്ങലുകൾ ഞാൻ ഭ്രാന്തനാകും,
കൈകളുയരാതെ
കുഴിലാടികളിക്കും,
കണ്ണുകൾ തലയോട്ടിയുടെ
ഉള്ളിലൊളിക്കും,
കുനിഞ്ഞ എന്റെ ശിരസ്സിനുള്ളിൽ
മർദ്ദിതരുടെ രോധനം പ്രതിധ്വനിക്കും,
അതെന്റെ കണ്ണുകളിൽ
അഗ്നിയായ് പ്രതിഫലിക്കും.
വരണ്ട വാക്കുകൾ തൊണ്ടക്കുഴിയിൽ
ആത്മഹത്യ ചെയ്യും.
അന്ന്
ഞാനെന്റെ കാതുകളിൽ വിലപിക്കും
ഇന്നലെ,അയാൾ നീയായിരുന്നു.
നാളെ, നീയും അയാളാകും...

# പൂരങ്ങളുടെ നാട് (ലേഖനം)

കസീദ റൈഹാൻ.പി.9.ജി

പൂരങ്ങളുടെ നാടാണ് തൃശ്ശൂർ. പൂരങ്ങളുടെ പൂരം എന്നാണ് തൃശ്ശൂർ പൂരം അറിയപ്പെടുന്നത്. തൃശ്ശൂർ പൂരത്തിന് തുടക്കം കുറിച്ചത് ശക്തൻ തമ്പുരാനാണെന്ന് വിശ്വസിക്കുന്നു. ആറാട്ട് പുഴ പൂരത്തിന് പങ്കെടുക്കാൻ പോയ തൃശ്ശൂർക്കാരെ അവിടത്തെ തന്ത്രി വിലക്കിയതിനെ തുടർന്നാണ് ഇനി തൃശ്ശൂർ പൂരം വടക്കുനാഥ സന്നിധിയിൽ മതിയെന്ന ശക്തൻ തമ്പുരാൻ തീരുമാനിച്ചതായാണ് വിശ്വാസം. 36 മണിക്കൂറാണ് തൃശ്ശൂർ പൂരത്തിന്റെ ചടങ്ങുകൾ. തിരുവമ്പാടി ക്ഷേത്രത്തിൽ നിന്നുള്ള എഴുന്നള്ളിപ്പ് ബ്രഹ്മസ്വം മഠത്തിൽ ഇറക്കിയതിനു ശേഷമുള്ള എഴുന്നള്ളിപ്പ് ആയ വരവ്, വടക്കും നാഥക്ഷേത്രത്തിന്റെ പടിഞ്ഞാറേ നടയിൽ പാറമേക്കാവ് വിഭാഗം ഒരുക്കുന്ന ഇലഞ്ഞി തറ മേളം , പാറമേക്കാവ്-തിരുവമ്പാടി വിഭാഗത്തിന്റെ കുടമാറ്റം , ആരാധകരെ ആസ്വാദനത്തിന്റെ പരമ കോടതിയിലെത്തിക്കുന്ന വെടിക്കട്ട് എന്നിവയാണ് തൃശ്ശൂർ പൂരത്തിലെ ആകർഷ മായ പ്രധാന ചടങ്ങുകൾ.



# അതിജീവനത്തിലൂടെ നല്ലൊരു

## നാളേക്കായി (ലേഖനം)

**സ്നേഹ.പി.10.എച്ച്.**

62-ാം പിറന്നാളിന്റെ നിറവിൽ നിൽക്കുകയാണ് കേരളം. കുറച്ചു നാളുകൾക്ക് മുൻപ് ഈ കേരളം ഇനി ഉണ്ടാകുമോ എന്നു ചിന്തിച്ചവരാണ് നാം എല്ലാവരും.ലോകം കണ്ട മഹാ പ്രളയത്തിലൊന്നാണ് നമ്മൾ കേരളീയർ അന്നനുഭവിച്ച പ്രളയദുരന്തം.

## അതിജീവനത്തിന്റെ നാളുകൾ

നാം എല്ലാവരും ഒറ്റക്കെട്ടായിഅതിജീവിച്ച നാളുകൾ. ജാതിയും, മതവും, പണവ്യത്യാസവുമില്ലാതെ നമ്മളെല്ലാം ഒന്നാണെന്ന വിശ്വാസത്തോടെ ആ വൻദുരന്തത്തെ എതിരിട്ടു. മനുഷ്യ ജീവനു വില നൽകി. എല്ലാവരും തന്റെ കൂടപിറപ്പുകളാണെന്ന വിശ്വാസത്തോടെയുള്ള മുന്നേറ്റം. ചുറ്റും ഒരുപാട് വെള്ളമായിട്ടും ഒരുതുള്ളി കുടിവെള്ളത്തിനായി നെഞ്ചുനീറി കരഞ്ഞു.ദിവസങ്ങളോളം ഭക്ഷണമില്ലാതെ കഴിഞ്ഞുകൂടിയ നാളുകൾ.

## ഓർക്കുക

മനുഷ്യനാണ് ദൈവം എന്നും സ്നേഹമാണ് പ്രതിരോധമെന്നും ഓർക്കുക. പ്രകൃതിക്കുനേരെയുള്ള ഓരോ പ്രവൃത്തിയുംനമുക്ക് തന്നെ തിരിച്ചടിയായിലഭിച്ചുകൊണ്ടിരിക്കുകയാണ്. തന്റെ കൂടപ്പിറപ്പുകളില്ലാതെ വിടില്ലാതെ അനാഥരായ എത്രയോ ആളുകളായിരുന്നു പ്രളയത്തിന്റെ ബാക്കി. ഇതിനു കാരണം നമ്മൾ മനുഷ്യരാണെന്ന കൂടി ഓർക്കുക.

## വാർത്തെടുക്കാം സുന്ദരകേരളത്തെ

* തകർന്ന പോയ വീടുകളും മറ്റും പുനർനിർമ്മിക്കുക.
* പ്രളയം കൊണ്ടുണ്ടായ ദുരിതങ്ങളും നഷ്ടങ്ങളും മനുഷ്യർക്കു മനസ്സിലാക്കികൊടുക്കുക
* ഇനിയൊരു പ്രളയം വരാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുക.
* യുവ തലമുറയായ വിദ്യാർഥികൾക്ക് പ്രളയത്തെ കുറിച്ച് ബോധവൽകരണം നടത്തുക.
* പുഴകളും ജലാശയങ്ങളും സംരക്ഷിക്കുക.
* എല്ലാവരും ഒന്നാണെന്ന ബോധമുണ്ടാക്കുക.

# ഡി. യു. എച്ച് എസ്.എസിലെ മിന്നും താരങ്ങൾ







# മഴ പറഞ്ഞ കഥ (ഓർമ്മക്കുറിപ്പ്)

നിതിൻ.പി.7.സി.

കുറച്ച് കാലം വരെ വെള്ളം കിട്ടാത്ത വേനലായിരുന്നു. ഇന്നതിനൊരു അന്ത്യം ഉണ്ടാകു മെന്ന് എല്ലാവരും കരുതി. മഴയുടെ വരവും കാത്തുകാത്തു നിൽക്കുകയായിരുന്നു.
എന്നെത്തേക്കാളും കൂടുതൽ ഇന്ന് ആകാശം കരികൊമ്പനെപോലെ കറുത്തു നിൽക്കുകയാണ്. ഒരു മുന്നറിയിപ്പ് ഇല്ലാതെ പെട്ടെന്നു തന്നെ ഒരു ഇടിമുഴക്കം മഴത്തുള്ളികൾ ചാറി തുടങ്ങി. അപ്പോഴാണ് ഞാൻ എഴുന്നേറ്റത്. ഞാനും കരുതി എന്താണിപ്പോൾ പെട്ടെന്നൊരു മഴ. ചാറിയ മഴ പിന്നെ പെരും മഴയായി മാറി. നിർത്താതെ പെയ്യുന്ന മഴ. നേരം നീണ്ടു നിന്നു. ആദ്യം എല്ലാവരും മഴയെ സന്തോഷത്തോടെയും ആഹ്ലാദത്തോടെയും വരവേറ്റു. നിർത്താതെ പെയ്യുന്നമഴ പിന്നെ നിർത്തിയില്ല. ആളുകളും പരിഭ്രാന്തരായി. മഴ എവിടെയെല്ലാം പെയ്യുന്നുണ്ടെന്ന് എനിക്കറിഞ്ഞിരുന്നില്ല. ഞാൻ ടി.വി ഓണാക്കി വാർത്തവെച്ചു. അപ്പോഴാണ് ഞാൻ ഞെട്ടിയത്. നിർത്താതെ പെയ്ത ആ മഴ വില്ലനായിരുന്നു എന്ന്. പലയിടങ്ങളിലും വെള്ളം കയറിയിരിക്കുന്നു. വീടുകളെല്ലാം വെള്ളത്തിൽ മുങ്ങിയിരിക്കുന്നു. പലയിടങ്ങളിൽ ഉരുൾ പൊട്ടൽ. ശക്തമായകാറ്റ് കേരളമാകെ ദുരന്തങ്ങൾ പാകിവെച്ചു. ആളുകളെല്ലാം ജീവനും കൊണ്ട് ഓടുകയായിരുന്നു. മഴ വരുത്തിയ പ്രളയം. കേരളം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ദുരന്തമായിരുന്നു. പിന്നെയും നിറയെ വാർത്തകൾ കണ്ടു. ഡാമുകളിലെ ജലനിരപ്പുകൾ ഉയർന്നിരിക്കുന്നു. ഡാമുകൾ തുറന്നു വിടാതെ ഒരു മാർഗവും ഉണ്ടായിരുന്നില്ല. ഡാമുകൾ തുറന്നു വീടുകൾ വെള്ളത്തിലായി പലരുടെയും വീടുകൾ വെള്ളത്തിലായി .എല്ലാവരും വെള്ളപ്പൊക്കത്തിൽ കുടുങ്ങി കിടക്കുകയാണ്. രക്ഷാ സൈന്യം ഹെലികോപ്റ്ററിൽ ആളുകളെ രക്ഷിക്കാൻ വേണ്ടി പരക്കം പാഞ്ഞു. നിറയെ പേർ ദുരിതക്യാമ്പുകളിൽ , ഇതൊക്കെ തന്നെയുള്ളൂ വാർത്തയിൽ. ഞാൻ ആകെ തന്നെ ഭയപ്പെട്ടിരിന്നു. ഞാൻ പിറ്റേ ദിവസത്തെ പത്രങ്ങൾ നോക്കിപ്പോൾ ഇതുതന്നെ അതിൽ നിറഞ്ഞിരിക്കുന്നു. മഴ കാരണം ഞങ്ങളുടെ അടുത്തുള്ള ഒരു പുഴ കര കവിഞ്ഞു. എല്ലാവരും പരിഭ്രാന്തരാണ്. വെള്ളപ്പൊക്കത്തിൽ പെട്ടവർ വസ്ത്രവും ഭക്ഷണവും കിട്ടാതെ നിൽക്കുകയാണ്. കേരളത്തിന്റെ പല ഭാഗത്തും നടന്ന പെരും മഴ ഉണ്ടാക്കിയ ദുരന്തങ്ങൾ ഞങ്ങളുടെ നാട്ടിൽ ഉണ്ടാവരുതെന്നു ഞാൻ പ്രാർത്ഥിച്ചു. മഴയെ കാത്തിരുന്നവരെല്ലാം മഴയെ കുറ്റം പറയുകയും മഴ പോവാൻ ആഗ്രഹിക്കുകയും ചെയ്തു. ഇങ്ങനെയൊരു മഴ കേരളത്തിൽ ഇനി ഉണ്ടാവരുതെന്നു എല്ലാവരും പ്രാർത്ഥിച്ചു. അങ്ങനെ മഴ ഒരു ദുരന്തകഥസൃഷ്ടിച്ചു പിൻ വാങ്ങി. ഈ മഴ മലയാളികളുടെ മനസ്സിൽ മറക്കാനാവാത്ത ഒരു ഓർമ്മയാണ് സൃഷ്ടിച്ചത് ....... ഒരുപാട് പേരുടെ മരണത്തിന് ഇത് കാരണമായി.

# അംഗീകാരത്താൽ അനുഗ്രഹീതരായ ചിലർ










# കണ്ണീര് തുടയ്ക്കാം (കവിത)

നഹ് ല.കെ.9.ബി.

ഇന്നെന്റെ ജനലഴികളിലൂടെ
പുറത്തേക്കു നോക്കുമ്പോൾ
കാണുന്നു ഞാൻ ഉയർത്തെഴുന്നേൽപ്പിൻ
ഹസ്തങ്ങൾ...
കുസൃതിക്കുട്ടന്റെ മഴമേഘത്തിൻ
മണിമുത്തുകൾ... മണിൻ കവിളുകളിൽ ചുംബിച്ചു...
കെട്ടിപുണർന്നാ മഴമുത്തുകൾ...
മേഘങ്ങൾ തമ്മിലെ വികൃതികാണിക്കവെ
അമ്മതൻ ചൂരൽ കഷായത്തിൻ ശബ്ദവുമായി
മാനവഹൃദയത്തിൽ ഒന്നാകെ ആഹ്ലാദതിമിർപ്പ്
ക്രൂരത കാട്ടി പ്രകൃതിയെ നോവിച്ച
അമ്മയെ നോവിച്ചവർക്കായി...
ഒരു പാഠമായി തീർന്ന പ്രളയം കണ്ടുഞാൻ
അന്യരെ വീട്ടിൽ കയറ്റാതിരുന്നവർ
അന്യർ തൻ കീഴിലെ അഭയാർത്ഥികൾ...
പാഠപുസ്തകങ്ങളെല്ലാം കവർന്നുപോയെങ്കിലും
പഠിച്ചില്ലല്ലോ മാനവരൊരു നല്ല പാഠം.
സന്തോഷത്തിൽ നിന്നും തുടങ്ങി
സങ്കടകടലായിമാറി...
ദുഖത്തെ വേരോടെ പിഴിതെറിയുക
ഉയർത്തെഴുന്നേൽക്കാനായ് കൈകോർക്കാം.
നന്മതൻ വിത്തുകൾ പാകികൊയ്യാം നമുക്കിനി
നന്മതൻ പാഠങ്ങൾ നെയ്തെടുക്കാം...



# കല-ജീവിതം

(ലേഖനം)

എ.വേണുഗോപാലൻ.
എച്ച് എസ്.എ.സോഷ്യൽ സയിൻസ്

കലയ്ക്ക് ശിലായുഗത്തോളം പഴക്കമുണ്ട്. ഒറ്റക്കും കൂട്ടായും അലഞ്ഞു തിരിഞ്ഞും നായാടിയും നടന്നിരുന്ന മനുഷ്യൻ കൃഷിയുടെ ആരംഭത്തോടെ സാമൂഹ്യജീവിതം നയിക്കാൻ ആരംഭിച്ചു. വിത മുതൽ വിളവെടുപ്പുവരെയുള്ള വിശ്രമവേളകളിൽ കൃഷിയോടൊപ്പം തന്നെ കലയുടേയും ബീജാവാപം നടന്നിട്ടുണ്ടാവണം. തുടർന്നിങ്ങോട്ട് തൊഴിലിന്റെ കാഠിന്യത്തിൽ നിന്നുള്ള മുക്തിക്കും കഷ്ടപ്പാടുകളെ അനായാസമുള്ള ഒരു ഔഷധവുമായി കല മാറി. വേട്ടയാടൽ എന്ന സംഹാരത്മകതയിൽ നിന്ന്
സർഗാത്മകതയിലേക്കും അക്രമത്തിൽ നിന്ന് ക്രമീകരണത്തിലേക്കും ഉള്ള പ്രയാണം അവിടെ നിന്ന് ആരംഭിച്ചു.
തൊഴിലുമായി ബന്ധപ്പെട്ടാണ് കലകൾ രൂപം കൊണ്ടതും വളർന്നതും എന്നതു കൊണ്ട് തന്നെ ഇവ രണ്ടും അരിച്ചു മാറ്റാനാകാത്ത വിധം അലിഞ്ഞു ചേർന്നു.

സർഗാത്മകതയുടെ ആവിഷ്കാരവും ആസ്വാദനവും വ്യക്തിയുടെ അനിവാര്യമായ ആവശ്യങ്ങളാണ്. കല സ്വായക്തമാക്കുന്നതിലൂടെ ഒരു വ്യക്തിയുടെ ഇടപെടലുകൾക്ക് തന്റേതായ ഒരു ക്രമീകരണവും താളവും സിദ്ധിക്കുന്നു. തന്റെ ജീവിതത്തെ തന്നിൽ തന്നെയും , താൻ ജീവിക്കുന്ന സമൂഹത്തിലും , കാലത്തിലും അടയാളപ്പെടുത്താനും, തനിക്കു ശേഷം ഈ അടയാളങ്ങൾ അവശേഷിപ്പിക്കാനുമുള്ള വ്യഗ്രത കലാകാരനിൽ എന്നുമുണ്ട്.

ഓരോ വ്യക്തിയും പരിസരവുമായി ഇടപെടുന്ന ഒരു രീതിയുണ്ട് . അനുഭവങ്ങളെ തന്റേതായ രീതിയിൽ ക്രമീകരിച്ചു കൊണ്ടാണ് ഇത് സാധ്യമാവുന്നത്. ഒരു യഥാർത്ഥകലാകാരന്റെ രൂപപ്പെടലിൽ സഹജമായ കഴിവുകൾ ബോധപൂർവ്വമായ

ശ്രമം, ജീവിത പരിസരം , പ്രോൽസാഹനങ്ങൾ എന്നിവയ്ക്ക് നിർണായകമായ പങ്കുണ്ട്. അനുഭവങ്ങളേയും വികാരങ്ങളേയും ആവിഷ്കരിക്കുന്നതിൽ തന്റേതായ ഒരു മാധ്യമം കണ്ടെത്തുമ്പോഴാണ് ഒരാൾ കലാകാരനാവുന്നത്.

കഠിനാധ്വാനത്തിന്റെ കണ്ണും, കാതും, കയ്യും പരുവപ്പെടുത്തിയ കലാ-കാരൻമാർ ഇന്ന് അന്യം വന്നുകൊണ്ടിരിക്കുന്നു. അതേസമയം ഈ മേഖലയിൽ കമ്പ്യൂട്ടറും ഫ്ലക്സും മേൽക്കൈ നേടിയ ഒരു പുതു രീതി വന്നു കഴിഞ്ഞു. ഇതിന് പ്രകൃതിയുമായി ബന്ധമില്ലെന്നു മാത്രമല്ല ജീവിതത്തിന്റെ പ്രതീക്ഷയും പ്രസരിപ്പും ഇല്ലാതാവുകയും ചെയ്തു. പുറം നിറഞ്ഞു കാണുമെങ്കിലും അകം ശൂന്യമാവുന്ന ഒരു സംസ്കാരം ഇതോടെ സംജാതമായി.

കല ഇന്ന് മത്സര വേദികളിൽ മാത്രം ഒതുങ്ങുന്ന ഒരഭ്യാസമായി മാറി കൊണ്ടിരിക്കുന്നു. ഒരു പരിധിവരെ ഗ്രേസ് മാർക്കിനും സർട്ടിഫിക്കറ്റിനും വേണ്ടിയുള്ള കുറക്കു വഴികളിലൂടെ സഞ്ചരിക്കുന്നു. ലക്ഷ്യം നേടി കഴിഞ്ഞാൽ പിന്നെ ഈ രംഗത്തു നിന്ന് അപ്രത്യക്ഷരാകുന്നു. യഥാർത്ഥത്തിൽ ജന ജീവിതത്തെ സർഗാത്മകമാക്കാൻ-വ്യക്തിയുടെ ആവിഷ്കാരമെന്ന സഹജവാസനയെ പരിപോഷിപ്പിക്കുന്നതിനായിരിക്ക-ണം കലോത്സവങ്ങൾ.

കലാപോഷണത്തിനുള്ള ശിക്ഷണം ഒരു വിദ്യാർത്ഥിക്ക് കൃത്യമായി ലഭിച്ചാൽ അവൻ അക്രമവാസനയെ ത്യജിക്കുകയും ക്രമീകരണത്തെ, താളബോധത്തെ, സർഗാത്മകതയെ ഗ്രഹിക്കുകയും ചെയ്യുന്നു. ഒരിക്കലും എല്ലാ കലകളിലും ഒരു വിദ്യാർത്ഥിയെ നിപുണനാക്കാൻ കഴിയല്ല. പക്ഷേ കലയും സംസ്കാരവും ജീവിതത്തി-ന്റെ ഭാഗമാണെന്ന തിരിച്ചറിവ് വിദ്യാർത്ഥികളിലുണ്ടാക്കിയെടുക്കാൻ അധ്യാപകനു കഴിയണം. ഈ ദൗത്യം കലാധ്യാപകരെ മാത്രം ഏൽപ്പിക്കാതെ എല്ലാ അധ്യാപകരും സ്വയം ഏറ്റെടുത്ത് , അധ്യാപനം എന്നത് ഒരു കലാപ്രവൃത്തി ആക്കി മാറ്റണം. കലാഭി-രുചി വ്യക്തി സ്വായത്തമാക്കുന്നതിലൂടെ തന്റെ ജീവിതത്തിന് ആവശ്യമായ യഥാർത്ഥ ചേരുവകൾ തിരിച്ചറിയാനും , പുതിയ കാഴ്ചകളും കാഴ്ചപ്പാടുകളും സൃഷ്ടിക്കപ്പെടുന്നതോ-ടൊപ്പം പുതിയ കണ്ണുകളും അവൻ നേടിയെടുക്കുന്നു. ഈ കണ്ണിലൂടെ നോക്കുമ്പോൾ സമൂ ഹത്തിലെ വൈവിധ്യങ്ങളെ അംഗീകരിക്കാനുള്ള ഒരു മനസ്സിന്റെ ഉടമയായി അവൻ മാറുന്നു.

ƒƒƒƒƒƒƒƒƒƒƒƒƒƒƒƒƒƒƒƒƒƒƒƒ

# പുതു ജന്മമായി.....

## പുതു ജീവനായി..... (കവിത)

മിർസാന ഇ.പി.9.ബി

ഹാ! എന്തൊരഴകാണാനിരകൾ
കവിയും ഹരിത മോഹവല്ലിതൻ
ഹസ്ത മഞ്ജരിയിൽ തുളുമ്പി വരും
തെന്നലിൻ കുസൃതികൾ...
കേരകേരാതിപർ വാഴും
മലയാള മണ്ണിതോ.. ദൈവത്തിൻ സ്വന്തം നാട്
രാമന്റെ മഴു ചെന്നു വീണതും
പോഷകസമൃദ്ധമായ മണ്ണിൽ തന്നെ.
എത്രയെത്ര രാജാ, വീരശ്ശൂര പരാക്രമികൾ
വാഴ്ന്നിരുന്ന സുലഭനാട്ടിൽ

എന്നിട്ടുമെന്തേമാനവനവളുടെ
മാറിൽ നിന്നും രക്തം ഊറ്റി വലിച്ചു!?..
മാലിന്യകൂപ്പകൾ എന്തിനവൾതൻ
ധമനികളിൽ തിരുകി വെച്ചു!?..
ജന്മം തന്നവളെയിന്നല്ലാ കരങ്ങളും

അവളുടെ കുടൽമാല ചുട്ടു കരിച്ചു.

സുന്ദരിയാ, പാവമെന്നൽക്കൊണ്ടവർ

അവളുടെ പിരടിയിൽ നൃത്തചമാടി.

എന്നാലിതാ തിരിച്ചു വന്നിരിക്കുന്നു

പ്രതികാര ജ്വാലയായവളുടെ കാമുകൻ!

മഹാ പ്രളയം വിതറി നാടിനെയാകെ

വിറകൊള്ളിച്ചിവൻഭീഷണിയായി..

ഒരു പാഠം മാത്രം പഠിപ്പിച്ചു അവൾ

ദുരന്ത കെട്ടുതയിലും ചിലർ ഒറ്റക്കെട്ടാണെന്നു

തളരാത്ത മനസ്സുകളും ഒരുമിക്കുമെന്ന്

പ്രവൃത്തിയാനുസരണം തിരിച്ചെടുക്കുമെന്ന്...

എങ്കിലുമിനിയും തിരിച്ചുവരുമവൾ

പുനർ ജന്മമായി.. പുതുജീവനായി..

അറബിക്കടലിൽ റാണിയായ് വാഴുമാ-

പ്രദേശം മുതൽ തലച്ചോറ് വരെ..

തിരികെ പിടിക്കാൻ കരളേറെയാ..

ണിവിടേയുമവിടെയുമല്ലാം..

മനസ്സിൽ ശുഭാപ്തി വിശ്വാസമുണ്ടായിരിക്കെ

ഉയർന്നെഴുന്നേൽക്കുമവൾ മുകളിലുള്ളവൻ സത്യം...

@@@@@@@@@@@@@@@@@@

# ഇന്നലെ പെയ്ത മഴയിൽ (കഥ)

അഞ്ജന.പി.9.ബി

വർഷാ... വർഷാ... ഇവിടെ വരൂ.. അമ്മ ശ്വാസം വിടാതെ വിളിക്കുന്നു. വിളി അവസാനിക്കുന്നുണ്ടോ എന്നു നോക്കി വർഷയും മെത്തയിൽ നിന്ന് അടിവെച്ച് അടിവെച്ച് കണ്ണുതിരുമ്മി അവൾ വരാന്തയിലെത്തി. അവൾ ആഹ്ലാദത്തോടെ ചോദിച്ചു. ഇന്നലെ മഴ പെയ്തിരുന്നോ അമ്മേ? അടുക്കളയിൽ സവാള അരിഞ്ഞു കൊണ്ടിരുന്ന അമ്മ കണ്ണുതുടച്ചു കൊണ്ടു പറഞ്ഞു. കേരളം മഴയിൽ മുങ്ങിയിരുന്നതും ഡാം തുറന്നതും ഒന്നും നിനക്ക് ഓർമ്മയില്ലേ? അവൾ ഉന്മേഷത്തോടെ ചോദിച്ചു. ആ സ്കൂളില്ലാത്തെ ദിവസമല്ലേ? അമ്മ ഒരു ദീർഘ നിശ്വാസത്തോടെ പറഞ്ഞു. ഇപ്പത്തെ പിള്ളേർക്ക് സ്കൂളില്ലാത്തതൊക്കെ ഒരാഘോഷാണല്ലോ എന്റെ കുന്നും പുറത്തപ്പാ..അത് കഴിഞ്ഞ് അവൾ ഉച്ചത്തിൽ പറഞ്ഞു. ഞാൻ വർഷ, വർഷിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവൾ. ഇതുപറഞ്ഞ് അവൾ ടി.വി ഓൺ ചെയ്തു.

അച്ഛൻ വരാറായിരിക്കുന്നു. അവൾ വാതിൽക്കൽ കാത് കൂർപ്പിച്ചിരുന്നു. ഒരു കാറിന്റെ ശബ്ദം കേൾക്കാൻ. വൈകാതെ തന്നെ അച്ഛൻ എത്തി. അവൾ ആഹ്ലാദത്തോട് കൂടി അച്ഛനെ ആലിംഗനം ചെയ്തു. പിന്നീടുള്ള നോട്ടം അച്ഛന്റെ സഞ്ചിയിലേക്ക് .പിന്നീട് പതുക്കെപതുക്കെഅവൾഅതിൽഎത്തിനോക്കി.പൊതിയിൽ നിറയെ മിഠായികൾ. അധികം വൈകാതെ അത് കൈക്കലാക്കി. പിറ്റേ ദിവസവും അതിന്റെ പിറ്റേ ദിവസവും മഴ തുടർന്നു. ആയിരങ്ങൾക്ക് കുടിലും കുടുംബവും നഷ്ടമായി. രാവിലെ ഉണർന്നു. അമ്മയുടെ വിളികേൾക്കാനില്ല. വിളിക്കട്ടെ എന്നു കരുതി കാത് കൂർപ്പിച്ചിരുന്നു. കേൾക്കുന്നില്ല. പിന്നീട് എഴുന്നേറ്റ് വാതിൽക്കൽ എത്തി. വാതിൽ തുറന്നപ്പോൾകുടുംബക്കാരുടെ ഒരു നീണ്ട നിര. അനുകമ്പയോടെയുള്ള നോട്ടം. ഞാൻ ഭയന്ന് വരാന്തയിലെത്തി.അച്ഛൻ ഇന്ന് നേരത്തെ എത്തിയിട്ടുണ്ട്. അച്ഛനെ ഞാൻ വിളിച്ചു നോക്കി.കേൾക്കുന്നില്ല. വീണ്ടും വീണ്ടും വിളിച്ചിട്ടും പ്രതികരണമില്ല. അമ്മ കരയുകയാണ്. ഞാൻ അപ്പുറത്തിരിക്കുന്ന ചേച്ചിയോട് ചോദിച്ചു. എന്താണീ അമ്മ കരയുന്നത്? അവൾഏറിയ ദുഖത്തോടെ പറഞ്ഞു. ഇന്നലെ പെയ്ത മഴയിൽ അച്ഛൻ നമ്മെ വിട്ടുപോയിരിക്കുന്നു.

$$$$$$$$$$$$$$$$$$$$$$

# ഈറനണിഞ്ഞ മിഴികൾ (കഥ)

ഫാത്തിമത്ത് റംഷീന.ടി.കെ.10.എച്ച്

ഈറനാർന്ന മിഴികളുമായി ഞാൻ ഓടിവന്നു നോക്കുമ്പോൾ ഇതെന്ത് ഒരു വീടിന്റെ പേരുകളതാ ദ്രവിച്ചിരിക്കുന്നു. വീടിന്റെ ശക്തിയായി നിലനിന്നിരുന്ന തൂണുകളും തലതാഴ്ത്തിനിൽക്കുന്നു. ഒരു പക്ഷേ അവ ആലോചിക്കുന്നത് എന്റെ കയ്യിലേല്പിച്ച വീടിനെ സംരക്ഷിക്കാൻ കഴിഞ്ഞില്ലല്ലോ എന്നാവും അതോകുറ്റ ബോധമോ? കരഞ്ഞു തോരാത്ത മിഴികളിൽ സങ്കടങ്ങളുടെ പാഴ് പീളകൾ കൊണ്ട് മിഴിയൊന്ന് തുറന്ന് നോക്കാൻ പോലും കഴിയാതെ അമ്മ തളർന്നിരിക്കുന്നു. എനിക്ക് ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. എന്തു പറ്റി അമ്മേ? നിശബ്ദമായികുറച്ച് നിമിഷങ്ങൾക്ക് ശേഷം ദയനീയമായി അമ്മ എന്നെ നോക്കി. ഇന്നലെ പെയ്ത മഴയിൽ എന്ന് പറഞ്ഞ് അമ്മ പൊട്ടി കരഞ്ഞു.സ്തംഭിച്ചനിലയിലായി.

ഒരു നിമിഷം പോലും വൈകാതെ ഞാൻ ഓടി നെൽപുരയുടെ പിന്നാംപുറത്തെ തെയ്യാവിൻ ചോട്ടിലേക്ക് വറ്റിവരണ്ട മിഴിയോടെ എന്നെ നോക്കുന്നത് പോലെ എിക്ക് തോന്നി. മാവിനെ കണ്ടപ്പോൾ എനിക്ക് ഓർമ്മ വന്നു. ഗദ്ഗദത്തോടെഞാൻ ചോദിച്ചു. എന്റെ അച്ഛൻ എവിടെ? അമ്മയോട് ചോദിക്കാൻ ഇനിയും വയ്യ. നൊന്തു പെറ്റ അമ്മയുടെ കരച്ചിൽ കാണാൻ ആർക്കും സാധിക്കില്ലല്ലോ. തോണി തുഴയൽകാരൻ അച്ഛനെ ഓർത്ത് ഒരു ഭ്രാന്തിയെ പോലെ ഞാൻ കൈത്തൊഴി പുഴയുടെ അടുത്ത് ചെന്നു. പ്രളയം കാരണം പുഴയുടെ ദിശമാറിയത് പോലെ കാണപ്പെട്ട മനസ്സിലോർത്തു. നൂറ്റാണ്ടുകളായി പെയ്യാത്ത മഴ ഇന്നലെ ഇങ്ങനെ.... അവിടെനിക്കുമ്പോഴും മഴ തുള്ളികൾ ശരീരത്തെ തണുപ്പിക്കുന്നത് പോലെ തോന്നി, പക്ഷേ എന്റെ മനസ്സിൽ അവ

തീ പൊരികളായിരുന്നു. അടുത്തുള്ള ആളുകൾപറഞ്ഞു.. അവനെന്തിനായിരുന്നു ഈ മഴ കണ്ടിട്ടും പോയത്. മറ്റൊരാൾ, പൈസക്ക് വേണ്ടിയുള്ള ആർത്തി അല്ലാതെന്താ. കുറച്ച് നേരം കൂടി കേട്ടപ്പോൾ മനസ്സിലായി തന്റെ അച്ഛനെ കുറിച്ചാണവർ പരാമർശിക്കുന്നതെന്ന്. ഏങ്ങലോടെ തിരിച്ചു വരുമ്പോൾ ഒരു കൊച്ചുകുട്ടി കൈവലിച്ചു ഓല പുരയിലേക്ക് കൊണ്ടുപോയി. അവളുടെ അമ്മ കുറ്റബോധവും സങ്കടവും കലർന്ന ഒരു സ്വരത്തോടെ പറഞ്ഞു. എന്നോട് ക്ഷമിക്കണം, മോൾക്ക് തീരെ വെയ്യാത്തതു കൊണ്ടാണ്.ആദ്യംഒന്നുംമനസ്സിലായില്ല.ആ സ്ത്രീ കരഞ്ഞു കൊണ്ടേ ഇരിക്കുകയായിരുന്നു. ആ മോൾക്ക് വയ്യാത്തത് കൊണ്ട്അക്കരെ ആശുപത്രിയിൽ എത്തിക്കാനുള്ള യാത്ര .എന്റെ അച്ഛനും..

ഇത് അമ്മയോട് പറഞ്ഞപ്പോൾ എന്റെയും അമ്മയുടെയും കണ്ണിലെ കണ്ണീർ ചാലുകൾ വറ്റ വരണ്ടു. അവ ദ്രവിച്ചതു കൊണ്ടാവാം ,അതുമല്ലെങ്കിൽ ബോധക്ഷയം അമ്മയെ വാരി പുണർന്നതു കൊണ്ടുമാവാം. കാലങ്ങൾ കഴിഞ്ഞു. ചുമതലകൾ എന്റെ തോളിലാണി-പ്പോൾ. ആ കൊച്ചുസുന്ദരിയും ഞങ്ങളുടെ കൂടെയാണ് .

സൂര്യൻഅസ്തമിക്കുന്ന ഒരു വൈകുന്നേര വേളയിൽ ഞാനോർത്തു. മഴ എനിക്കെന്താണ് തന്നതെന്ന്. കൊച്ചു കൊലുസുമിട്ട് കിലുക്കി നടക്കുന്ന ഒരുകൊച്ചു കുഞ്ഞിനെ.. മഴതന്ന സമ്മാനം. ചെറുപുഞ്ചിരിയോടെ ഞാൻ ആലോചിച്ചിരുന്നു. പ്രകൃതിയുടെ കോപമാണിത്. എന്താണീ ലോകമിങ്ങനെ.. ആ നേരത്ത് ആ കൊച്ച് കുഞ്ഞ് എന്നെ ചുംബിച്ചു. മനസ്സിലാകെ ആശ്വാസം പകർന്നു. വേറെന്തു വേണം.......

ൈൈൈൈൈൈൈൈ

# തുറക്കാത്ത കണ്ണുകൾ

അനീസ്.സി.മണ്ണാർക്കാട്
എച്ച്.എസ്.എ.ഉറുദു.  ഡി.യു.എച്ച്.എസ്.എസ് തൂത

(കവിത)

പ്രതീക്ഷയുടെ

പറുദീസകളിലേക്ക്

ആരോ കാണിച്ചുതന്ന

വാതായനങ്ങളിലൂടെ

'ഞാൻ' കയറി.

ഇരുട്ടിനെ പഴിച്ച്,

വഴിതെറ്റി വിലപിച്ച്,

കയറിയ വഴി തന്നെ

'ഞാൻ' ഇറങ്ങി.

പിന്നീടാണറിഞ്ഞത്

എന്റെ കണ്ണുകൾ

ഞാൻ തുറന്നിരുല്ലെന്ന്.

ââââââââââââââââââââ

# പ്രളയതാണ്ഡവം (ലേഖനം)

നിത്യദാസ്.പി.10.ജെ.

മഴ പോയി .മഴ മേഘങ്ങൾ മാഞ്ഞു വെയിൽ വന്നു. നമുക്ക് ദാഹവും തുടങ്ങി. ഒരു നാട് തകർന്നടിഞ്ഞു 20000 കോടിയോളം നഷ്ടമാണ് പ്രളയം ഉണ്ടാക്കിയത്. 100000 ത്തോളം ആളുകൾ ദുരിതാശ്വാസ കാമ്പുളിൽ ആയി. നിരവധി പേർക്ക് ജീവിതം നഷ്ടപ്പെട്ടു. ഈ അവസ്ഥയിൽ നമ്മളെത്തിയത് അപകടരമായ ചില വഴികളിലൂടെയാണ്. ആ വഴികളിലേക്ക് നാം തിരിഞ്ഞു നോക്കുകയാണ്.

നാം ഓർക്കുന്ന ഈ ദിവസം ഓഗസ്റ്റ് 9 ഒരിക്കലും മറക്കില്ല. ഈ ദിവസം കേരളത്തെ നടു കടലാക്കിയ ദിവസം നൂറ്റാണ്ടുകൾക്ക് മുമ്പ് പൂർവികർ നമ്മൾക്ക് കൈമാറിയ ഈ കേരളം പച്ചപ്പ് കൊണ്ട് നിറഞ്ഞു നിൽക്കുന്ന പ്രകൃതി . പച്ച വിരിച്ച നെൽപ്പാടം . വറ്റി വരളാത്ത തണ്ണീർ തടങ്ങൾ. ഓളം താളത്തിൽ ഒഴുകുന്ന പുഴകൾ. (നദികൾ) ഇളം കാറ്റിന്റെ തലോടലിൽ സുഖം കൊള്ളുന്ന മര ചില്ലകൾ .കാറ്റിനോടൊപ്പം നൃത്തം ചെയ്യുന്ന തെങ്ങുകൾ. എന്നാൽ ഇന്ന് ഇതൊന്നും കാണുന്നില്ല. തലമുറകൾ കൈമാറി ഈ പരമ്പരാഗതം നമ്മിൽ നിന്ന് ഏറെ അകന്ന് പോയി.നെൽ കൃഷി വിളഞ്ഞു നിന്ന വയലുകളിൽ ഫ്ലാറ്റുകളും ഫാക്ടറികളുമാണ് കാണുന്നത്. കേരളത്തിന്റെ മുഖമായിരുന്ന വയലുകൾ. ശുദ്ധജല സംഭരണിയായിരുന്ന തണ്ണീർ തടങ്ങളും പുഴകളും എന്നാൽ പുഴകളിൽ നിന്നും വെള്ളം സംഭരിക്കാൻ പറ്റുന്നില്ല. പുഴയിലെ മണലെല്ലാം പുതിയ തലമുറയിലെ മനുഷ്യർ കവർന്നെടുത്തു. അവർ കവർന്നെടുത്തത് മണൽ മാത്രമല്ല പുഴയുടെ ജീവനെയാണ്. തണ്ണീർ തടങ്ങൾ മണ്ണിട്ട് നികത്തി. നമുക്ക് ജീവവായു തരുന്ന മരങ്ങളെ വെട്ടി നശിപ്പിച്ചു. കേരളത്തിലെ നട വഴികളെ മാലിന്യ കൂമ്പാരമാക്കി എന്നിട്ടും ആർത്തി തീരാതെ മനുഷ്യൻ നാട്ടിനെ ഇഞ്ചിഞ്ചായി കൊന്ന് തുടങ്ങി. എന്നാൽ മനുഷ്യൻ അറിഞ്ഞില്ല അവർ ചെയ്തത് എത്ര വലിയ തെറ്റൊണെന്ന് അത്

എത്രത്തോളം നാശം ഉണ്ടാക്കും. എന്നാൽ ആ വിനാശത്തിൽ നമ്മളും ചാരമാകുമെന്ന് മനുഷ്യൻ അറിഞ്ഞില്ല. പ്രകൃതിയുടെ മക്കളെ തൊട്ടാൽ പ്രകൃതി നില മറന്ന് താണ്ഡവമാടുമെന്ന്! ആ താണ്ഡവത്തിൽ തങ്ങളും താൻ കെട്ടി നിർത്തിയ വീടും സ്ഥലവും സമ്പത്തുക്കളും മണ്ണടിയുമെന്ന് .ആ പ്രളയത്തിൽ ശത്രുക്കൾ മിത്രമാകുമെന്നും. എന്നാൽ മനസ്സിലെ നന്മ മാഞ്ഞ് പോകാത്ത ചില മനുഷ്യർ ഉണ്ടായിരുന്നു. അവർക്കിടയിൽ സ്വന്തം ജീവന്റെ നിലനിൽപ്പ് കണ്ടവർ. അവരെ പ്രകൃതിയുടെ തീ ജ്വാലകൾക്കിടയിൽ നിന്നും അവരുടെ ഇരു കരങ്ങൾ കൊണ്ടും സംരക്ഷിക്കുകയാണ് ചെയ്തത്.ജാതി മത ഭേതമില്ലാതെ അവർ ഒരുമിച്ച് നിന്ന് പ്രളത്തെ നേരിട്ടു. എല്ലാവരും ഒന്നാണ് എന്ന ചിന്ത വന്നതോടെയാണ് അവർ പ്രളയത്തെ അതി ജീവിച്ചത്. പ്രകൃതിയുടെ താണ്ഡവ ശമനത്താൽ ഒരുമിച്ച് പുതിയ കേരളത്തെ പണിതുയർത്തും. ഗ്രാമത്തിന്റെ അഴകും പരിസ്ഥിതിയും നഗരത്തിന്റെ പകിട്ടും പ്രൗഢിയും മായിക്കപ്പെട്ട വിലാസ ഭംഗികളും പ്രൗഢ സ്നേഹത്തിന്റെ ക്ഷമയും ത്യാഗവും ഈ പുതിയ കേരളത്തിൽ പണിതുയർത്തും നമ്മൾ.

££££££££££££££££££££££££££££££££££

# സ്വയം തടവിലൊടുങ്ങിയ സ്വപ്നരാഗം (ലേഖനം)

നവ്യ കൃഷ്ണ. എസ്.10.ഡി.

അന്ന പൂർണ്ണദേവി എന്ന സംഗീതലോകത്തെ മാസ്മരിക പ്രതിഭ ആർക്കും പിടിതരാതെ മുബൈയിലെ തന്റെ ഫ്ലാറ്റിൽ കഴിഞ്ഞത് 40 വർഷത്തോളം. ഋഷിതുല്യനായ സിത്താർ വാദകൻ ബാബാഅലാവുദ്ദീൻഖാന്റെ മകൾ. അദ്ദേഹത്തിന്റെ ശിക്ഷ്യനായ പണ്ഡിറ്റ് രവിശങ്കരമായുള്ള വിവാഹം കഴിഞ്ഞത് ഇവരുടെ 14-ാം വയസ്സിൽ. സംഗീതലോകത്ത് ഇരുവരും സമാനരായിരുന്നെങ്കിലും ജീവിതം അത്ര സുഖകരമായിരുന്നില്ല. നർത്തകിയായ കമലയുമായി രവിശങ്കർ അടുത്തു.ഇതോടെയാണ് അന്നപൂർണ്ണ ദേവി ഏകാന്തവാസം ആരംഭിച്ചത്.അവർ ഈ 40 വർഷത്തിനിടെ ആ ഫ്ലാറ്റിൽ നിന്നിറങ്ങിയത് ആകെ രണ്ടോ മൂന്നോ പ്രാവശ്യം മാത്രം. പ്രശസ്തരായ പലരും കാണാനെത്തിയെങ്കിലും പല ബഹുമതികളും തേടിയെത്തിയെങ്കിലും മറുപടി ആരെയും കാണേണ്ട എന്നായിരുന്നു. പകലുകളിൽ വാടിത്തളർന്ന ആ പുഷ്പം രാത്രികളിൽ എന്നും സംഗീതത്തിന്റെ മാസ്മരിക ലോകത്തിലൂടെ സഞ്ചരിച്ചിരുന്നു.



# വെളിച്ചത്തിനായി ഒരു കൃത്രിമ ചന്ദ്രനെ ഒരുക്കാൻ

## ചൈന (ശാസ്ത്ര ലേഖനം)

വിസ്മയ.വി.8.ഇ

ബെയ്ജിങ്: തെരുവു വിളക്കുകൾക്ക് പകരമായി ആകാശത്തുനിന്ന് പ്രകാശം ദിവസവും പരത്താൻ ഒരുകൃത്രിമ ചന്ദ്രനെ ആകാശത്തിലേക്കു അയക്കാനൊരുങ്ങുകയാണ് ചൈന. 2020-തോടെ കൃത്രിമ ചന്ദ്രനെ വിക്ഷേപിക്കുമെന്ന് ചൈന പ്രഖ്യാപിച്ചു. തെക്കു പടിഞ്ഞാറൻ ചൈനയിലെ സിച്വാന പ്രവിശ്യയിലുള്ള ചെങ്ദു നഗരത്തിൽ ഇല്ലുമിനേഷൻ സാറ്റലൈറ്റ് വികസിപ്പിക്കാൻ ആരംഭിച്ചു. നഗരത്തിലെ തെരുവുവിളക്കുകൾ പ്രകാശിപ്പിക്കാൻ ഉപയോഗിക്കുന്ന വൈദ്യുതി ലാഭിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ചന്ദ്രനോടൊപ്പം തന്നെയാണ് ഈ കൃത്രിമ ചന്ദ്രനും പ്രകാശം പരത്തുക. ലോകത്തെ തന്നെ ആദ്യത്തെ മനുഷ്യ നിർമ്മിത ചന്ദ്രൻ. സിച്വാനയിലെ സിചാങ് സാറ്റലൈറ്റ് ലോഞ്ച് സെന്ററിൽ നിന്നാണ് വിക്ഷേപിക്കുക. ചന്ദ്രനിൽ നിന്നും ലഭിക്കുന്നതിനേക്കാൾ 8 മടങ്ങ് പ്രകാശം ഇതിനുണ്ടാകും. 50 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് ഇത് വെളിച്ചം വരുത്തും. സൂര്യനിൽ നിന്നുള്ള പ്രകാശം പ്രതിഫലിച്ചാണ് ഈ ചന്ദ്രനും പ്രകാശം പരത്തുക. ദുരന്ത ബാധിത മേഖലികളിലേക്കും രക്ഷാപ്രവർത്തനങ്ങൾക്കും ഇത് ഏറെ സഹായകരമാണ്. ഈ ആദ്യ പരീക്ഷണം വിജയിച്ചാൽ 2022-തോടെ മൂന്ന് ചന്ദ്രൻമാരെ കൂടി വിക്ഷേപിക്കുമെന്ന് തിയാൻഫുന്യൂ ഏരിയ സയൻസ് സൊസൈറ്റിയുടെ മേധാവി വുചുൻ ഫങ്ങ് പറഞ്ഞു.



# മഴ പറഞ്ഞത് (കഥ)

ഫാത്തിമ റിസ.ടി.7.ബി.

അമ്മു വളരെ സന്തോഷവതിയാണ്. അവൾ ടിവി യിൽ എന്തൊക്കെയോ കണ്ടിരുന്നു. അതൊന്നും അവൾക്ക് മനസ്സിലായില്ല. പക്ഷേ അച്ഛൻ ഇന്നലെ പറഞ്ഞിരുന്നു. ആ നാണി ചേട്ടന്റെ വീട് തകരാറിലാണ് എന്ന്. അമ്മു ഇന്നു വരെ മഴ കൊണ്ട് തകരുകയോ പരിക്കേൽക്കുന്നതോ ഒന്നും കേട്ടിട്ടില്ല. അടുത്തദിവസം അവൾ ഉറക്കമുണർന്നപ്പോൾ വീട്ടിൽ ആയിരുന്നില്ല. അവളുടെ അകന്ന ഒരു ബന്ധുവിന്റെ . സംഭവമൊന്നും അവൾക്ക് മനസ്സിലായില്ല. അച്ഛനും അമ്മയ്ക്കും വളരെ സങ്കടമുള്ളതായി അവൾക്ക് തോന്നി. അച്ഛനോട് ചോദിച്ചപ്പോൾ ഒന്നും മറുപടി ഉണ്ടായിരുന്നില്ല. പിന്നെ എങ്ങനെയോ അവൾ അറിഞ്ഞു നാണി ചേട്ടന്റെ വീടു പോലെ തന്റെ വീട്ടിലും വെള്ളം കയറിയിട്ടുണ്ട്.തന്റെ പാവയും കളിപ്പാട്ടങ്ങളുമെല്ലാം വെള്ളം കൊണ്ടു പോകുമോ എന്ന് അവൾ വിചാരിച്ചു. പിന്നെ വെള്ളം അതു കൊണ്ടുപോയി അതാർക്കുകൊടുക്കും? പിന്നെ അവൾ തരില്ലേ എന്റെ പാവയെ? എന്നൊക്കെയായി അവളെ ചിന്ത. രാത്രിയാണ് തന്റെ വീട്ടിലേക്ക് അവൾ പോയത്. വീട്ടിലെ വെള്ളം പോയിരുന്നില്ല. ആദ്യം അവൾ നോക്കിയത് തന്റെ കളിപ്പാട്ടങ്ങളിലേക്ക് ആയിരുന്നു. അത് അവിടെ ഭദ്രമായി അച്ഛൻ അവ മാറ്റി വെച്ചിരുന്നു. പുറത്തേക്കു വന്നപ്പോഴേക്കും മഴ പെയ്യാൻ തുടങ്ങി. കാറിൽ കയറി തന്റെ വീട്ടിലേക്ക് പോവുമ്പോൾ പുറത്തേക്കു തന്നെ നോക്കി. അവൾക്ക് മഴയോട് ദേഷ്യവും സ്നേഹവും തോന്നി. മഴയെന്തോ പറയുന്നതായും അവൾക്ക് തോന്നി. ഭൂമിനിർത്താതെ എന്തിനാണ് കരയുന്നത്?അവളെ ആരെങ്കിലും വികൃതി കാണിച്ചോ? അങ്ങനെ പലതും. അവളുടെ കുഞ്ഞു മനസ്സിൽ അതല്ലേ ഉൾകൊള്ളാൻ പറ്റൂ. അതെ ഭൂമി നമ്മളോടു മഴയിലൂടെ എന്തോ പറയുന്നതായി തോന്നുന്നില്ലേ ? അതല്ല കരയുന്നതാണോ?



# ഗണിതം നിത്യ ജീവിതത്തിൽ (ലേഖനം)



സൈദലവി.കെ.എം
എച്ച്.എസ്.എ.ഗണിതംയു.എച്ച്.എസ്.എസ്.ൂത

പ്രസിദ്ധ യവന ചിന്തകനായിരുന്ന പ്ലാറ്റോവിന്റെ വിദ്യാകേന്ദ്രമായ അക്കാദമിയയുടെ പടിവാതിലിൽ ഇങ്ങനെ എഴുതിയിരിക്കുന്നുവെത്രെ; ജ്യമിത അറിയാത്തവർ ഈ പടി കടക്കാനിടവരാതിരിക്കട്ടെ. ദൈവം ലോകം സൃഷ്ടിച്ചത് ജ്യാമതി ഉപോഗിച്ചാണ്. ജ്യാമതിക്ക് പകരം ഗണിതം എന്ന പദം വ്യാപകമായി ഉപയോഗിച്ച കാണാറുണ്ട്. യവന പണ്ഡിതനായിരുന്ന പൈഥഗോറസും പ്രപഞ്ചം മുഴുവൻ സംഖ്യമയമാണെന്ന് പ്രഖ്യാപിച്ചിരുന്നു. ലോകവും ഗണിതവും തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ മറ്റൊരു വാക്യത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല . ആദ്യന്തമില്ലാത്ത സൃഷ്ടി പ്രവാഹത്തി-ന്റെ ആധാരവും അന്ത:സത്തയും സംഖ്യാ ദൈവങ്ങളാണ്. സംഖ്യകളെ അവർ ദൈവങ്ങളായി ആരാധിച്ചിരുന്നു. സംഖ്യകൾക്ക് ബലിവേദിക്കളുണ്ടായിരുന്നു. സംഖ്യകളോട് നേരിയ അവഹേളനം കാട്ടിയവർക്ക് വധശിക്ഷ പോലും നൽകിയിരുന്നുവത്രെ.

സംഖ്യകളുടെ ഒരു അത്ഭുത പ്രപഞ്ചത്തിലാണ് നാം ജീവിക്കുന്നത്. എണ്ണം, അളവ്, ആകൃതി എന്നിവയിൽ അധിഷ്ഠിതമാണ്. റേഡിയോ, ടെലിവിഷൻ ,വിമാനം,സിനിമ, ടെലിഫോൺ, മോട്ടോർ വാഹനങ്ങൾ ,കമ്പ്യൂട്ടർ തുടങ്ങിയ യന്ത്രങ്ങൾ ഗണതമില്ലെങ്കിൽ ഉണ്ടാകുമായിരുന്നില്ല.

അനേക തരത്തിലുള്ള അസംഖ്യം സംഖ്യകൾ നാം ഓരോരുത്തരും നമ്മുടെ നിത്യജീവിതത്തിൽ കൈകാര്യം ചെയ്യുന്നുണ്ട്. പക്ഷേ ,നാം പലപ്പോഴും അറിയാതെയാണ് സംഖ്യകൾ ഉപയോഗിക്കുന്നത്. ഒരർത്ഥത്തൽ നമുക്ക് സംഖ്യകളെ കൂടാതെ ജീവിക്കാൻ പോലും സാധ്യമല്ല. നാം കാലത്ത് എഴുന്നേൽക്കുന്നതോടെ തന്നെ സംഖ്യകൾ ഉപയോഗിക്കാൻ തുടങ്ങുന്നു. എഴുന്നേറ്റ ഉടനെ നാം സമയത്തെ പറ്റി ഒരു ധാരണയുണ്ടാക്കാൻ ശ്രമിക്കുന്നു. സമയബോധം ഉണ്ടാവാൻ 1 മുതൽ 12 വരെയുള്ള സംഖ്യയും 1 മുതൽ 60 വരെയുള്ള സംഖ്യയും കൂടിയേകഴിയൂ. കോഴി കൂവുന്നത് കേട്ടും , നക്ഷത്രത്തെ നോക്കിയുമുള്ള സമയ നിർണയം ഇപ്പോൾ പതിവില്ലല്ലോ (എഴുന്നേൽക്കുന്ന നമ്മുടെ സമയവും ഈ ശീലം മാറ്റാൻ പ്രേരിപ്പിച്ചിരിക്കണം). ഇനി തീയതി അറിയാൻ കലണ്ടറിലേക്ക് ദൃഷ്ടി വായിക്കുകയുണ്ടായി. 1 മുതൽ 31 വരെയുള്ള സംഖ്യകൾ അവി-ടെയും ആവിശ്യമായി വരുന്നു. മാസം പോലും നാം സംമഖ്യ ഉപയഗിച്ചാണല്ലോ എഴുതുന്നത് 2611992 ആദ്യത്തേത് തീയ്യതിയും രണ്ടാമത്തേത് മാസവും മൂന്നാമത്തേത് വർഷവുമാണെന്ന് ആർക്കാണറിയാത്തത്? കലണ്ടർ സൂക്ഷ്മമായി പരിശോധിച്ച നോക്കൂ. ഓരോ ദിവസത്തിലുമുള്ള കാലയളവ്, തിഥി, സൂര്യ ചന്ദ്ര ഗ്രഹണങ്ങൾ എല്ലാം എത്ര

കൃത്യമായാണ് നൽകയിരിക്കുന്നത്. ഇതെല്ലാം വെറുതെ അവിടെ അച്ചടിച്ചുവെച്ചതല്ല . ഗണിതത്തിന്റെ സഹായത്തോടെയാണ് അതെല്ലാം കണ്ടുപിടിച്ചത്. സൂക്ഷ്മമായ ഗണിത ക്രിയകളുടെ ഫലമാണിത്. സഹസ്രാബ്ദങ്ങൾക്കു മുമ്പു തന്നെ കലണ്ടർ ആരംഭിച്ചിരുന്നു. കലണ്ടറിന്റെ നിർമ്മിതിയിൽ ഗണിതം ചെലുത്തുന്ന സ്വാധീനം മറ്റൊരു ശാസ്ത്രവും ചെലുത്തുന്നില്ല. കണ്ടറിനെ നാം ഉപയോഗിക്കുമ്പോൾ നാം യഥാർത്ഥത്തിൽ ഗണിതം ഉപയോഗിക്കുന്നു. പക്ഷേ, ഗണിത ശാസ്ത്രത്തെ ആരും ഓർക്കാറില്ല.

രാവിലെ സമയ ബോധുണ്ടായ ശേഷം റേഡിയോ തുറക്കാനോ ടി.വി ഓൺ ചെയ്യാനോ നിങ്ങൾ ശ്രമനമിക്കുമായിരിക്കാം. അവിടെയും ബാന്റ് നമ്പറും മീറ്റർ നമ്പറുമൊക്കെയുണ്ട്. അതൊന്നും നിങ്ങളുടെ ശ്രദ്ധയിൽ വരണമെന്നില്ല. സുഹൃത്തിന് ഒന്നു ടെലഫോൺ ചെയ്യണമെന്ന് വരുമ്പോൾ നിങ്ങൾ ഒരു സംഖ്യയെ ആശ്രയിക്കുന്നു. ടെലിഫോൺ ഡയറക്ടറി ഒന്നു നോക്കൂ. എല്ലാം വ്യക്തികളും സ്ഥാപനങ്ങളും അവിടെ ഗ ണിതവത്ക്കരിക്കപ്പെട്ടിരിക്കുന്നു. തപാൽ അതികൃതകർക്ക് സ്ഥലങ്ങളെല്ലാം ആറക്ക-സംഖ്യകളാണ്.

വാഹനങ്ങൾക്കെല്ലാം രജിസ്ട്രേഷൻ നമ്പർ നാം വാങ്ങുന്ന ബസ്ടിക്കറ്റിൽ മാത്രം എത്ര സംഖ്യകൾ K S R T C യുടെ ഒരു ടിക്കറ്റ് പരിശോധിച്ചാൽ മതി. യാത്രയ്ക്ക് നാം നൽകുന്ന പണം കണക്കനുസരിച്ച് തന്നെയാണ് നൽകുന്നത്. കണക്കിന് എത്ര മേശമായവർ പോലും 4 രൂപ ടിക്കറ്റെടുത്ത് അഞ്ചു രൂപ നൽകിയാൽ ബാക്കി വാങ്ങാൻ മറക്കില്ല.

സ്കൂളിൽ ഹാജർ വിളിക്കുന്നത് നമ്പറിലാണ്. ഓരോരുത്തരുടെയും വിദ്യയാ-ഭ്യാസ നിലവാരം മുഴുവൻ സംഖ്യാമയമാണ്. കണക്കിന് മാർക്ക് 20, മലയാളത്തിന് 50. ഉടനെ നാം നിഗമനത്തിലെത്തുന്നു. അവൻ കണക്കിന് മോശം. നമ്മുടെ തൂക്കവും നീള-വും, വയസ്സും എല്ലാം രേഖപ്പെടുത്തുന്നത് സംഖ്യകളിലാണ്. സാധനങ്ങൾ വാങ്ങാൻ നമു ക്ക് സംഖ്യയില്ലാതെ പറ്റില്ല. ചിലപ്പോൾ ഒന്നിൽ കൂടുതൽ സംഖ്യകളും വേണ്ടി വരും. ബൾബ് വാങ്ങാൻ എണ്ണം മാത്രം പോരാ.

ഒരു വ്യക്തിയുടെ കർമ്മരംഗം ഏതായാലും തന്റെ ജോലി ഭംഗിയായി നിർവഹിക്കുന്നതിന് ഗണിതം ആവശ്യമാണ്. എഞ്ചിനീയർമാരും ബിസിനസ്സുകാരും ലോട്ടറിക്കാരും  സംഖ്യകളെ കൂടുതൽ ഉപയോഗിക്കുന്നുണ്ട്. പക്ഷേ , മറ്റ് ഏത് ജോലി-കാർക്കും കണക്കിൽ നിന്ന് ഒഴിയാൻ സാധ്യമല്ല. ഒരു ഡോക്ടർ രോഗിയെ പരിശോധി ക്കുമ്പോൾ ഹൃദയെ പരിശോധിക്കുമ്പോൾ ഹൃദയ മിടിപ്പും ബ്ലഡ്പ്രഷറും അറിയാൻ ഗണിതം ഉപയോഗിക്കുന്നു. മരുന്ന് കഴിക്കുന്നതിന് ഗുളികകളുടെ എണ്ണവും മരുന്നന്റെ അളവും പ്രധാനം രോഗി കഴിക്കേണ്ട ക്രമവും ഗണിതം അനുസരിച്ചു തന്നെ ഒന്നു വീതം 3


നേരം 4 ദിവസത്തേക്ക് ഇന്നാന്തി . ഡോക്ടറുടെ നിർദ്ദേശം പാലിക്കുന്ന രോഗികളും കണക്കനുസരിച്ച് മരുന്നുപയോഗിക്കുന്നു. ചിത്രകാരന്മാർ തങ്ങളുടെ ചായങ്ങൾ കൂട്ടിചേർ


ക്കുമ്പോൾ കണക്ക് ഉപയോഗിക്കുന്നുണ്ട്. കാൻവാസിന്റെ നീളവും വീതിയും തെരഞ്ഞെടുക്കുമ്പോഴും കനകാനുപാതത്തിലാക്കാൻ ശ്രദ്ധിക്കാറുറുണ്ട്.

ഗണിത ശാസ്ത്രവുമായി വളരെ ബന്ധമുള്ള ഒരു കലയാണ് സംഗീതം. സംഗീതത്തിലെ രാഗം താളം എന്നിവയിൽ ഗണിതം അഭേദ്യമായി ബന്ധപ്പെട്ടരിക്കുന്നു.

സംഗീതം മാത്രമല്ല ,കവിതയും ഗാനങ്ങളും ഗണിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. കവിതയിലെ ഓരോ വരിയിലും ഇത്ര അക്ഷരങ്ങൾ വേണമെന്ന് നിബന്ധനയുണ്ട്. മൂന്നും രണ്ടും രണ്ടും മൂന്നും രണ്ടന്നെഴുത്തുകൾ പതിനാലിനാറുഗണം രണ്ടിലുമൊന്നു പോൽ ...എന്നാണ് കേകയുടെ ലക്ഷണം . പക്ഷേ, പല കവികളും അവകാശപ്പെടുന്നത് അവർ കണക്കിൽ മോശമാണെന്നാണ്.

സാക്ഷരത എന്നാൽ എഴുത്തും വായനയും ശീലിക്കുക മാത്രമല്ല. സംഖ്യാ ജ്ഞാനം കൂടിയാണ്. പുരാതനക്കാലത്ത് മുതൽ തന്നെ പ്രാഥമികവിദ്യാഭ്യാസം ലക്ഷ്യമാക്കുന്നത് ആറുകൾക്കാണ്.(Reading,Writing,&Axithmetic)ശാസ്ത്രങ്ങളുടെ സഹായമില്ലാതെ നമുക്കാർക്കും ജീവിക്കാൻ സാധ്യമല്ല. ഗണിതം ശാസ്ത്രങ്ങളുടെ റാണി അഥവാ ശാസ്ത്രമാണ്. ഏതൊരു ശാസ്ത്രത്തിന്റെയും പുരോഗതി ഗണിത ശാസ്ത്രത്തിന്റെ പുരോഗതിയെ ആശ്രയിച്ചിരിക്കുന്നു. ആകാശത്തേക്ക് ചീറിപ്പായുന്ന മിസ്സൈലിനെ നശിപ്പിക്കാൻ പ്രാപ്തമായ യന്ത്ര സംവിധാനം കണ്ടുപിടിച്ചതുകൊണ്ടായില്ല ,അതിന്റെ ലക്ഷ്യം കണക്കുകൂട്ടി ശരിയായ ദിശയിൽ പ്രവർത്തിപ്പിക്കാൻ സാധിച്ചാലേ നമുക്ക് വിജയിക്കാൻ കഴിയൂ . ഇവിടെ കണക്കു പിഴച്ചാൽ ഫലം നാശമായിരിക്കും. ജീവിതത്തിലെ എല്ലാ തലങ്ങളിലും പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനം ചെലുത്തികൊണ്ടിരിക്കുന്ന കണക്ക് പിഴയ്ക്കാതിരിക്കട്ടെ.






ØØØØØØØØØØØØØØØØØØØØØ



# അറിവ് പകരുന്ന പഠനയാത്രകൾ

(ലേഖനം)

**അബൂബക്കർ കെ.ടി,** എച്ച്.എസ്.എ.ഇംഗ്ലീഷ്
**ഡി.യു.എച്ച്.എസ്.എസ്.തൂത**

വിദ്യഭ്യാസ വ്യവസ്ഥയും ക്രമവുകാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാണ്. അറിവ് ആർജ്ജിക്കുന്നതിനായി പല മാർഗ്ഗങ്ങൾ നമുക്ക് സ്വീകരിക്കാം. നവ സാങ്കേതിക യുഗത്തിൽ ഇതിനുള്ള സാധ്യതകൾ അപരിതമാണെന്ന് നമുക്കറിയാം. കാഴ്ചയിലൂടെ, അനുഭവത്തിലൂടെ ആശയ ലോകത്ത് എത്തിച്ചേരുന്ന നവ രീതി ശാസ്ത്രമാണ്കുട്ടികളെ സംബന്ധിച്ചിടത്തോളം ഏറെ അഭിലഷണീയം. ഇവിടെയാണ് പഠനയാത്രകൾ പ്രസക്തമാകുന്നത്.

പാഠ്യ പ്രവർത്തനത്തിന്റെ അവിഭാജ്യവും അനിവാര്യവുമായ പ്രക്രിയ-യാണ് പഠന യാത്രകൾ. അധ്യാപകരുടെ മാർഗ്ഗ നിർദേശത്തിൽ കുട്ടികൾ പങ്കെടുക്കുന്ന ഇത്തരം യാത്രകൾ വിജ്ഞാനാർജനത്തിനുള്ള പുതിയ വാതിലുകളാണ് അവർക്ക് മുന്നിൽ തുറക്കുന്നത്. സന്ദർശിക്കുന്ന ഭൂപ്രദേശങ്ങൾ, സ്മാരകങ്ങൾ , ചരിത്ര പരവും സാംസ്കാരികവുമായ വ്യതിരിക്തതൾ ഉൾകൊണ്ടുള്ള ഇത്തരം പഠനയാത്രകൾ അക്ഷരാ ർത്ഥത്തിൽ അറിവിന്റെ പുണ്യസ്ഥലികളിലേക്കുള്ള തീർത്ഥയാത്രയാണെന്ന് പറയാം.



നമ്മുടെ വിദ്യാലയത്തിൽ ഓരോ അധ്യയന വർഷവും മൂന്നിൽ കുറയാത്ത പഠന യാത്രകൾ സംഘടിപ്പിച്ചു വരുന്നു. കുട്ടികളുടെ അനിഷേധ്യമായ പങ്കാളിത്തം ഓരോ യാത്രകളിലും ഉണ്ടെന്നത് ഏറെ ശ്ലാഘനീയമാണ്. വിദ്യാലയത്തിന്റെ കെട്ടുപാടുകളിൽ നിന്നുള്ള പരിമിധമെങ്കിലും സ്വാതന്ത്ര്യത്തിന്റെ രുചി കുട്ടികൾ പഠന യാത്രകളിലൂടെ അനുഭവിച്ചറിയുന്നു. അറിവിന്റെ ആകാശം വിസ്തൃതമാകുന്നതിനോടൊപ്പം കുട്ടികൾ തമ്മിലുള്ള സൗഹൃദത്തിന്, പാരസ്പര്യത്തിന്, ആദാനപ്രദാനങ്ങൾക്ക് പഠന യാത്രകൾ ഉപകരിക്കുന്നു. ലിഷ്കളങ്കമായ സാഹോദര്യത്തിലൂടെ മതേതരത്വത്തിനും അതു വഴി നിർമ്മലമായ മാനവികതയ്ക്കും പഠനയാത്രകൾ വഴിതുറക്കുന്നു.

അതു വഴി നമ്മുടെ മനസ്സിൽ ഉയരുന്ന സ്വാർത്ഥതയുടെ വൻ മതിലുകൾ തകരുകയും പകരം കാരുണ്യത്തിന്റെ പാലങ്ങൾ നിർമ്മിക്കാൻ നമുക്ക് കഴിയുകയും ചെയ്യുന്നു. തീർച്ചയായും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പഠന യാത്രകൾ സമഗ്ര വ്യക്തിത്വ വികാസത്തിന് ആക്കം കൂട്ടുന്നു.

# കൂടുതൽ അറിയാൻ

രേവതി പി.വി.8.ഇ

1. എന്നാണ് അന്തരാഷ്ട്ര പ്രകൃതി ലഘൂകരണ ദിനം?

ഉത്തരം. ഒക്ടോബർ 13

2. 1931-ൽ അഞ്ചരകോടിയോളം ദുരന്ത ബാധിതരാക്കിയ മധ്യചൈനയിലെ പ്രളയം എന്ത് പേരിലാണ് അറിയപ്പെടുന്നത്?

ഉത്തരം. യാങ്-സി-ഹ്വവായ്

3. ഭൂകമ്പത്തിന്റെ തീവ്രത അളക്കാനുപയോഗിക്കുന്ന എ.ഡി 132 -ൽ കണ്ടു പിടിച്ച ഉപകരണമേത്?

ഉത്തരം. സീസ്മോ മീറ്റർ

4. യു.എൻ.ഇ.പിയുടെ ദുരന്ത സാധ്യത ലഘൂകരണ വിഭാഗം തലവനായ വ്യക്തിയാര്?

ഉത്തരം. മുരളി തുമ്മാരക്കുട്ടി

5. എന്തിന് പേരിടുന്നരീതിക്കെതിരെയാണ് റോക്സി ബോൾട്ടൻ പോരാടിയത്?

ഉത്തരം. ചുഴലികാറ്റുകൾക്ക്.

# കാഴ്ച്ചയും തലച്ചോറും തമ്മിൽ (ശാസ്ത്രലേഖനം)

രേവതി പി.വി.8.ഇ

കാഴ്ച്ചക്കുറവ് തലച്ചോറിന്റെ പ്രർത്തനത്തെ ബാധിക്കുമെന്ന് പഠനം. കാഴ്ച്ചക്കുറവ് മൂലം തലച്ചോറിന്റെ പ്രവർത്തനങ്ങൾക്ക് കോട്ടം തട്ടുമെന്ന് കണ്ടെത്തി. തലച്ചോറിലെ ശ്രദ്ധ കേന്ദ്രീകരിക്കലുമായി ബന്ധമുള്ള ഭാഗങ്ങളിലാണ് ഇതിന്റെ പ്രഭാവം അനുഭവപ്പെടുക. കാഴ്ച്ചക്കുറവുള്ള വരു തലച്ചോറിന്റെ പ്രവർത്തനം പഠന വിഷയമാക്കിയ ഗവേഷകൻ മസ്തിഷ്ക്കവും കണ്ണും തമ്മിലുള്ള ഏകോപനം നഷ്ടപ്പെടുന്ന ആംബ്ലിയോപ്പിയ എന്ന രോഗത്തിന്റെ ലക്ഷണമാണിതെന്ന് കണ്ടെത്തി. ഇത്തരം രോഗികളുടെ ഇരു കണ്ണുകളും വ്യത്യസ്ത ദൃശ്യങ്ങൾ തലച്ചോറിന് നൽകുകയും കണ്ണ് തുറന്നിരിക്കുമ്പോൾ കാഴ്ചശക്തി കുറഞ്ഞ കണ്ണ് നൽകുന്ന വിവരങ്ങൾ പതിയെ അവഗണിക്കുകയും പൂർണ്ണമായും ആ കണ്ണിനെ തലച്ചോറ് അടിച്ചമർത്തുകയും ചെയ്യുന്നതിനാലാണ് വീണ്ടും കാഴ്ച കുറയുന്നതെന്നും ശാസ്ത്ര ലോകം പറയുന്നു.

# രാഷ്ട്രസേവനത്തിന് NCC UNIT

Abbas K,Third Officer,in charge of NCC

2017-2018 വർഷത്തിൽ ഡി.യു.എച്ച്.എസ്.എസ് തൂതയിൽNCC യുടെ പ്രവർത്തനം തുടങ്ങി. ഒന്നാം ലോകമഹായുദ്ധകാലത്ത് University crops എന്ന രീതിയിൽ ബ്രിട്ടീഷുകാർ തുടക്കം കുറിച്ചു.1948-ൽ PRIL-16-ന്36-ാം Act പ്രകാരം ഇന്ത്യയിൽ തുടക്കം കുറിച്ചു. നമ്മുടെ വിദ്യാലയത്തിൽ Army wing Ncc
ആണ്ഉള്ളത്.ബഹുമാനപ്പെട്ട MLA ശ്രീ.മഞ്ഞളാംകുഴിഅലിസാഹിബ് പദ്ധതി ഉദ്ഘാടനം ചെയ്തു.കേണൽ പരമേശ്വരൻ, കമാന്റിംങ് ഓഫീസർ 28(k)Bn Ncc ഒറ്റപ്പാലം,HM,മറ്റ് അധ്യാപകർ എന്നിവരെല്ലാം പങ്കെടുത്തു.



# VISION OF NCC

Empower volunteer youth to became potential leaders and responsible citizen of country.

# MISSION

To develop leadership and character qualities, mould dicipline and nature social integration and cohision through multi facesed programe conducted in a Military Environment.

# AIMS OF NCC

To develop character,commandship,dicipline,leadership,secular outlookspirit of Adventure sportsmanship and ideal of selfless service amoung the youth of the country.

To create a human resource of organised ,trained and motivated youth to provide leadership in all walks of life and always be available for the service of the nation.

To provide suitable environment to motivate the youth to lake up a career in the Armed force.







# SCOUTS AND GUIDES

നമ്മുടെ വിദ്യാലയത്തിൽ scouts and guides-ൻെറ പ്രവർത്തനം നടന്നുവരുന്നു.ഒരു സ്കൗട്ട് യൂണിറ്റ്,രണ്ട് ഗൈഡ് യൂണിറ്റ്.കാര്യപ്രാപ്തിയും കാര്യക്ഷമതയും ഉള്ള കുട്ടികളെ വളർത്തിയെടുക്കുന്നതിൽ നമ്മുടെ യൂണിറ്റ് പ്രവർത്തനം വിദ്യാലയത്തിന് മാതൃകയാണ്. രാജ്യത്തിന് വേണ്ടി സേവനം ചെയ്യുവാനും നിസ്സഹായരായ സമസൃഷ്ടികൾക്ക് സഹായമെത്തിക്കാനും കുട്ടികളെ സജ്ജമാക്കുന്നു.





# മണിക്കിണർ (കഥ)

**അനിത പി .വി**

ഇന്ന് ഉമയുടെ പിറന്നാളാണ്. എത്ര വയസ്സാണവൾക്ക് തികയുന്നത്? അറിയില്ല. എന്തോ...നിശാഗന്ധിക്ക് ഇന്ന് കടുത്ത ഗന്ധമായിരുന്നു. തണുത്ത മഞ്ഞുതുള്ളികൾ

ഇറ്റു വീണിട്ടും വെളുത്ത നിശാഗന്ധികൾ നിശബ്ദമായി ഈ രാത്രിയെ ഗന്ധം കൊണ്ട് ശ്വാസം മുട്ടിച്ചു. പാതി തുറന്നിട്ട ജനൽപാളികൾക്കിടയിലൂടെ അരിച്ചിറങ്ങുന്ന തണുപ്പിനൊപ്പം, മരിച്ചുപോയ ഓർമ്മകൾ പോലെ അവയുടെ ഗന്ധം മുറിയിലേക്ക് ഒഴുകി വന്ന് നിറഞ്ഞു. അയാൾ മയക്കത്തിന്റെ കണ്ണുകൾ തുറന്ന് ദൂരെ മഞ്ഞുപെയ്യുന്ന മരങ്ങളിലേക്കും നോക്കി തൊടിപ്പടർപ്പുകളിൽ നിന്ന് ഒഴുകി വരുന്ന നിശാഗന്ധിയുടെ ഗന്ധമറിഞ്ഞ് ഓർമ്മയിൽ ആമഗ്നനായി ആ ജീർണ്ണിച്ച കുടിലിൽ തളർന്നു കിടന്നു. മനസ്സിന്റെ മഞ്ഞുമലകളിൽ വിദൂരഭൂതകാലത്തിന്റെ പുക നേർത്തലിഞ്ഞപ്പോൾ വാൻഗോഗിന്റെ കടുത്ത ഛായാചിത്രം പോലെ ഓർമ്മകൾ കണ്ണിമകളുടെ താഴ്വരകളിൽ പക്ഷികളായി പറന്നിറങ്ങി.

മലഞ്ചെരുവുകളുടെ പച്ചപടർപ്പുകളിലെ കനികളുടെ സമൃദ്ധിയിൽ കാട്ടു തേനിന്റെ ബാല്യമധുരിമയിൽ തളിർത്ത പ്രണയനിമിഷങ്ങൾ , തേക്കിലക്കുമ്പിളിൽ നിറയെ തുമ്പയും മുക്കുറ്റിപൂവും കൊണ്ട്, വെളുത്ത നെറ്റിത്തടത്തിൽ ചന്ദനം തൊട്ട് നടന്നുവരുന്ന ഒരു വ്യക്തിരൂപം. അയാളുടെ ഉള്ളിൽ നിറഞ്ഞു. നടന്ന വഴികൾ, പരിഭവങ്ങൾ, കണ്ണീരുകൾ, കഥ പറഞ്ഞിരുന്ന ചുണ്ടുകൾ ..... ആ നായിക ഇന്നെവിടെയാണ്? ക്ലാസ് മുറിയുടെ പഴയബഞ്ചുകളിലിരുന്ന് മാലതി ടീച്ചറുടെ കുനുകുനെയുള്ള വെളുത്ത അക്ഷരങ്ങൾ തെളിയുന്ന നരച്ച ബോർഡിലേക്കു നോക്കുന്ന നാലു കണ്ണുകൾ. കൊച്ചുണ്ണി മാസ്റ്ററുടെ വള്ളിച്ചൂരൽ കണങ്കാലിൽ ചുറ്റുമ്പോൾ തുടയിലൂടെ ഊർന്നിറങ്ങുന്ന നനവ്, പച്ചപ്പായൽ മൂടിയ പള്ളിക്കുളം , യക്ഷിയമ്പലം പോലെ നിൽക്കുന്ന മൂത്രപ്പുര, ഉപ്പുമാവുഗന്ധം പടരുന്ന ഊട്ടുപുര, ഊഞ്ഞാലാടിയിരുന്ന ഏഴിലംപാല, ഇരു കരങ്ങളും നീർത്തി രാക്ഷസനെ പോലെ നിൽക്കുന്ന കാഞ്ഞിരമരം, താഴെ വിദൂരതയിലേക്ക് പോകുന്ന അനേകം

നടപ്പാതകൾ ....

ഉമ മീനുകളുടെ പാട്ട് കേട്ടിട്ടുണ്ടോ?

ഇല്ല്യ-

അമ്പലത്തിലെ മണിക്കിണറിലെ മീനോള് പാട്ടു പാടുത്രേ-

പിന്നെ... ഏട്ടൻ നൊണ പറയണതല്ലേ?

ഏയ് അമ്മമ്മ പറഞ്ഞ് തന്നതാ. ആ തെച്ചിപൊന്തെലാ മീങ്കൊത്തി പാർക്കണത്, അതിനടുത്താത്രെ മണിക്കിണറ്!

ഈ കാറ്റിൽ കുട്ടിലമ്പത്തിന്റെ കൽപ്പടവുകളിൽ വീണു കിടക്കുന്ന അരളിപൂക്കളുടെ ഗന്ധം . മാവിലകുമ്പിൾ കോട്ടി അരളപൂവിൽ ഈർക്കിലകോർത്ത് അമ്പലമുറ്റത്തെ ഓടി തളരുന്ന നാലുകാലുകൾ.ഒറ്റ തോർത്തു ചുറ്റി ആറാട്ടുക്കടവിൽ മൂക്കു പിടിച്ച് മുങ്ങുന്ന തണുപ്പ്. “കുട്ടീ സൂക്ഷിച്ച് ഇനീം നടുക്ക് പോവേണ്ട... നല്ല ആഴണ്ട്.”അമ്മയുടെ ശകാരം. “വെള്ളം കലക്കല്ലേ കുട്ട്യേ! വെള്ളമുണ്ടൊക്കെ ഇനീം ചോക്കും”പാറുകുട്ടേട്ടത്തിയുടെ ചീത്ത. കാറ്റിലിളകുന്ന നീണ്ട തെങ്ങുകളുടെ നിഴൽ വലിയ മലമ്പാമ്പിനെ പോലെ വെള്ളത്തിൽ ഇഴഞ്ഞു. മീങ്കൊത്തിയിരിക്കുന്ന തെച്ചി പൊന്തയിലേക്ക് കയ്യും കാലും അടിച്ച് നീന്തി... നീന്തി...... തല്ലി ..തല്ലി...

“ന്റെ ഭഗവാനേ, മണിക്കിണറുള്ള ഭാഗത്തേക്കല്ലേ...ആ...കുട്ടി" ഓളങ്ങൾ വെട്ടുകൽ പടവിലേക്ക് ഒരു തേങ്ങൽ പോലെ കയറി ഇറങ്ങി കൊണ്ടിരുന്നപ്പോൾ പൂക്കലകൾ പോലെ അമ്പലക്കുളത്തിലെ വെള്ളം ഉയരുന്നുണ്ടായിരുന്നു.

ഇന്ന് ഉമയുടെ പിറന്നാളാണ്. നീലിച്ച കണ്ണുകളും കഥ പറയുന്നമെല്ലിച്ച ചുണ്ടുകളുമുള്ള ഉമയുടെ പിറന്നാൾ. നിശാഗന്ധികളുടെ ഗന്ധം നേർത്ത് വരുന്നു. അവക്കിപ്പോൾ ശവനാറിയുടെ മണമാണ്. ഈ പഴയ കട്ടിലിൽ കിടന്നുകൊണ്ട് ഞാനവൾക്ക് എന്ത് സമ്മാനം നൽകും ? അയാളുടെ തണുത്ത സിരകളിലൂടെ ചലന ശേഷി നഷ്ടപ്പെട്ട കൈ വിരലുകളിലേക്ക് അവ്യക്തമായൊരിളം ചൂട് അരിച്ചു കയറുന്നതുപോലെ അയാൾക്ക് തോന്നി. അനന്തമായ മരുഭൂമിയിൽ ഉടഞ്ഞുവീണ ശില്പം പോലെ തുറന്നിട്ട ജനൽ പാളികൾക്കിടയിലൂടെ കറുത്ത ആകാശം നോക്കി അയാൾ കിടന്നു. വിടർന്ന കൺകോണിലൂടെ ഊർന്നിറങ്ങുന്ന കണ്ണീർ തുള്ളികൾ നേർത്ത ചാറ്റൽ മഴ പോലെ അയാളുടെ തലയണിയിലേക്ക് വീണ് കൊണ്ടിരുന്നു.

**&&&&&&&&&&**

# അക്ഷര സ്നേഹം പകർന്ന് ഡിജിറ്റൽ ലൈബ്രറി

(ലേഖനം)

**ബഷീർ ചെർപ്പുളശ്ശേരി**
**ഡി.യു.എച്ച്.എസ്.എസ്.തൂത**

അക്ഷരങ്ങളുടെ നേർത്ത തേങ്ങലുകൾ നിർഭരമാവുന്ന ഒരന്തരീക്ഷത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ആർഭാടങ്ങളുടെയും ആഢംഭരങ്ങളുടെയും ത്രസിപ്പിക്കുന്ന വർണ്ണ-
ക്കാഴ്ചകൾക്കിടയിൽ വായന അരിക്‌വൽകരിക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസവും വായനയും പരസ്പര പൂരകങ്ങളായിരുന്ന ഒരു ഭൂതകാലത്തിൽ നിന്ന് ദൃശ്യ വിസ്മയങ്ങളിലൂടെ ജ്ഞാന നിർമിതി സാധ്യമാകുന്ന വർത്തമാന പരിസരത്തേക്കുള്ള പരിണതി ലൈബ്രറി എന്ന സങ്കൽപ്പത്തിന് തന്നെ ക്ഷതം വരുത്തിയെന്നതാണ് വസ്തുത. എങ്കിലും തീവ്രമായ അഭിനിവേശം അക്ഷരങ്ങളോടും വായനയോടും നിലനിർത്തി പോരുന്ന നല്ലൊരു വിഭാഗം വിദ്യർത്ഥികൾക്കിടയിലും പൊതു മണ്ഡലത്തിലും ഉണ്ടെന്നത് ആശാവാഹമാണ്.

ഒരു പൊതു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പുസ്തകശാലയും വായനമുറിയും അത്യന്താപേക്ഷിതവും അനിവാര്യവുമത്രെ. കുട്ടികളിൽ അന്തർലീനമായ ജിജ്ഞാസയെ തെല്ലൊന്ന് ശമിപ്പിക്കാൻ ലൈബ്രറി ഏറെ ഉപയുക്തമാവുന്നു. കാലം പരിണതിഘട്ടങ്ങളിലൂടെയുള്ള പ്രയാണത്തിലാണ് എന്ന് നമുക്കറിയാം. ഈ അശ്വമേധത്തിന് കേവലം മൂകസാക്ഷികളായി മാറേണ്ടവല്ല നന്മയുടെയും നേരിന്റെയും സാത്ഥവാഹകസംഘമായ വിദ്യാഭ്യാസ പ്രവർത്തകർ എന്ന തിരിച്ചറിവിൽ നിന്നാണ് നമ്മുടെ വിദ്യാലയത്തിൽ ഡിജിറ്റൽലൈബ്രറി എന്ന ആശയം ഉരുവപ്പെടുന്നത്.



## കർമ്മപഥത്തിൽ

പ്രയോഗിക തലത്തിൽ നവസങ്കല്പത്തിലൊരു ലൈബ്രറി സജ്ജമാക്കാൻ ഏറെ പ്രതിസന്ധികൾ തരണം ചെയ്യേണ്ടിവന്നു.സാമ്പത്തികം ഇതിൽ പ്രധാനമായിരുന്നു. 1992-93 ൽ നമ്മുടെ വിദ്യലായത്തിൽ നിന്നും പത്താം ക്ലാസ് പഠനം പൂർത്തിയാക്കിയിറങ്ങിയ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ 'സ്നേഹ ജാലക'മാണ് ഡിജിറ്റൽലൈബ്രറി എന്ന സ്വപ്നത്തെ സാക്ഷാത്കരിക്കാൻ താങ്ങായി വർത്തിച്ചത്.

ലൈബ്രറിക്കുള്ളിൽ പരമാവധി പുസ്തകങ്ങൾ ശേഖരിക്കാനും അവ വിഷയ അടിസ്ഥാനത്തിൽ വർഗ്ഗീകരിച്ച് ക്രമീകരിക്കാനുള്ള ശ്രമം ഏറെക്കുറെ പൂർണ്ണമായിട്ടുണ്ട്. ലൈബ്രറിക്കുള്ളിൽ വിവിധ ഭാഷകളിലെ സാഹിത്യ പ്രതിഭകളുടെ ഛായാചിത്രങ്ങൾ ഉൾപ്പെടുത്തി സജ്ജീകരിച്ച ലിറ്ററി ഗാലറി ശ്രദ്ധേയമാണ്.ഈ വിദ്യാലയത്തിൽ പഠിച്ച് ഇവിടെതന്നെ ജോലി ചെയ്യുന്ന പൂർവ്വവിദ്യാർത്ഥികളാണ് ഇതിന്റെ മുഖ്യപ്രയോജകർ.

ലൈബ്രറികളിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി തയ്യാറാക്കിയ




റീഡിംഗ്സോൺ കാര്യക്ഷമമായി തന്നെ എല്ലാവരും ഉപയോഗപ്പെടുത്തുന്നു എന്നത് ശ്ലാഘനീയമാണ്ഡിജിറ്റൽ ലൈബ്രറി എന്ന സ്വപ്നം പരിപൂർണ്ണമായും സാക്ഷാത്കരിക്കാനുള്ള അനുസ്യൂതമായ യാത്രയുടെ പാതി വഴി ഞങ്ങൾ പിന്നിട്ടിരിക്കുന്നു എന്നതിൽ സംഘാടകർക്ക് അഭിമാനിക്കാം... ..

# തൂത ഡി.യു.എച്ച്.എസ്.എസ്

## കായികശക്തിയുടെ അപരനാമം (ലേഖനം)

മുനീർ .എം .കായിക അധ്യാപകൻ
സുഹൈൽ.കെ കായികഅധ്യാപകൻ

തീർച്ചയായും അക്ഷരാർത്ഥത്തിൽ കായികശക്തിയുടെ അപരനാമമായി തൂത ഡി.യു.എച്ച്.എസ്.എസിനെവിശേഷിപ്പിക്കാമെന്ന്തോന്നുന്നു.സ്പോട്സിലും ഗെയിംസിലും ശ്രദ്ധേയവും അസൂയാർഹവുമായ നേട്ടങ്ങളാണ് ഈ വിദ്യാലയം ഇതിനകം കരസ്ഥമാക്കിയിരിക്കുന്നത്. പെരിന്തൽമണ്ണ ഉപജില്ല കായികോത്സവത്തിൽ തുടർച്ചയായി പത്താം തവണയും ഓവറോൾ വിജയം സ്വന്തമാക്കി നമ്മുടെ വിദ്യാലയം നടത്തിക്കൊണ്ടിരിക്കുന്ന അനിഷേധ്യമായ ഈ ജൈത്രയാത്ര ഇതിനൊരു നിദർശനമാണ്.

ഫുട്ബോൾ എന്ന കളിവിസ്മയത്തെ നെഞ്ചോട് ചേർത്ത ഒരു കായിക ഭൂമിയാണ് ഈ വിദ്യാലയത്തിന്റേത് എന്ന് തന്നേ പറയാം.





പെരിന്തൽമണ്ണ ഉപജില്ലാതലത്തിലും മലപ്പുറം ജില്ലാതലത്തിലും നടന്ന സുബ്രതോ മുഖർജി ഫുട്ബോൾ ടൂർണമെന്റുകളിൽ നിരവധി തവണ വിജയകരീടമണിഞ്ഞത് നമ്മുടെ വിദ്യാലയമാണ്. ഫുട്ബോൾ രംഗത്ത് നിരവധി പേർ സംസ്ഥാന ദേശീയ മത്സരങ്ങളിൽ ഇതിനകം തന്നെ പങ്കെടുത്തു കഴിഞ്ഞു. 2018 ൽ ഹരിയാനയിൽ നടന്ന പെൺ കുട്ടികളുടെ അണ്ടർ 19 ഫുട്ബാൾ ദേശീയ ചമ്പ്യൻഷിപ്പിൽ പങ്കെടുത്ത് മികച്ച പ്രകടനം കേരളടീം അംഗം ദിവ്യ കൃഷ്ണനും ഒന്നാം റിസർവരായ അർച്ചനയും ഈ നാടിന് തന്നെ അഭിമാനമായി മാറിയ ഫുട്ബോൾ പ്രതിഭകളാണ്. ഫുട്ബോൾ എന്ന വിസ്മയത്തെ നെഞ്ചിലേറ്റിയ ഈ വിദ്യലയത്തിലെ പൂർവ്വവിദ്യർത്ഥി ഐ.സിഎൽ അടക്കം നിരവധി ടൂർണമെന്റുകളിലും ക്ലബ്ബുകളിലും ജേഴ്സിയണിഞ്ഞു എന്ന വസ്തുത ഏറെ അഭിമാനകരമാണ്.

ഫുട്ബോളിതര ഗെയിംസുകളിലും നമ്മുടെ വിദ്യാലയം ഇതിനകം ശ്രദ്ധേയ പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്. പെരിന്തൽമണ്ണ സബ് ജില്ലാതല തൈകോണ്ടോ ചാമ്പ്യൻഷിപ്പിൽ ഓവറോൾ കിരീടം നമ്മുടെ വിദ്യാലയത്തിനായിരുന്നു. ചെസ്സ് മുതൽ ഷട്ടിൽ വരെയുള്ള ഗെയിംസുകളിലും നിരവധി തവണ നമ്മുടെ വിദ്യാലയം സാന്നിധ്യമറിയിച്ചിട്ടുണ്ട്. സംസ്ഥാന വുഷു ചാമ്പ്യൻഷിപ്പിൽ സിൽവർ മെഡൽ നേടിയ ഹഫീഫും ഈ വിദ്യാലയത്തിന്റെ സംഭാവനയാണ്. സംസ്ഥാന കായികോത്സവത്തിൽ

സബ് ജൂനിയർവിഭാഗം ഷോട്ട്പുട്ട് ഇനത്തിൽ പങ്കെടുത്ത് വെങ്കല മെഡൽ നേടിയ മുഹമ്മദ് അൽത്താഫും ക്രോസ് കണ്ട്രിയിൽ പങ്കെടുത്ത സിന്ധുവും സ്റ്റേറ്റ് അമേച്ചർ മീറ്റിൽ പങ്കെടുത്ത മന്യയും ഈ വിദ്യാലയത്തിന്റെ നാമധേയം സംസ്ഥാന കായിക ലിഖിതങ്ങളെഴുതിയവരാണ്.

ചുരുക്കത്തിൽ ആസൂത്രിതവും സമയബന്ധിതവുമായ പ്രവർത്തനങ്ങളിലും അനേകം തലമുറകൾക്ക് ഊർജം പകർന്നുകൊടുക്കാൻ കഴിഞ്ഞു എന്നതിലും ഇപ്പോഴും ഒട്ടും കുറയാത്തവിധം ആവേശം നിലനിർത്താൻ കഴിഞ്ഞു എന്നതിലും നമുക്ക് അഭിമാനിക്കാം.






KERAL








6




DUHSS






2018-19
P T M H S S താഴെക്കോട്





# പിൻമൊഴി

ആവിഷ്കരിക്കാൻ ഇനിയുമുണ്ടേറെ...........
എങ്കിലും അനുസ്യൂതമായ
ഈ സർഗ്ഗപരികല്പനകൾക്കിടയിൽ
ഒരർധവിരാമം അനിവാര്യമാണെന്ന്
ഞങ്ങൾ തിരിച്ചറിയുന്നു
അതുകൊണ്ട്
പ്രിയ വായനക്കാരാ ക്ഷമിക്കു..........
ഇനി ഞങ്ങളീ
'ജാലക' വാതിലുകൾ
ചെറുതായൊന്ന്
ചാരിവെക്കട്ടെ
സർഗ്ഗാത്മകതയുടെ
വേറിട്ട ഈ ജാലക കാഴ്ചകൾക്ക്
നേർസാക്ഷികളായ
എല്ലാ നല്ല മനസ്സുകൾക്കും
**നന്ദി......ഹൃദയപൂർവ്വം നന്ദി...........**

**%%%%%%%%%%%**

